കേരള സർക്കാർ

# എക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്സ് വകുപ്പിൻെറ ഭരണ റിപ്പോർട്ട്

# 1987-88

ഷൊറണൂർ ഗവൺമെൻറ് പ്രസ്സിൽനിന്നും ഗവൺമെൻറ് പ്രസ്സുകളുടെ സൂപ്രണ്ടിനാൽ അച്ചടിക്കപ്പെട്ടത്.

1989

# എക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്സ് വകുപ്പിൻെറ ഭരണ റിപ്പോർട്ട്

# 1987-88

37/607—1

©
കേരള സർക്കാർ

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| 1. | തിരിച്ചറിയൽ | .. i |
| 2. | പ്രത്യവലോകന ഉത്തരവ് | .. iii—viii |
| 3. | ആമുഖം | .. ix |
| 4. | ഔദ്യോഗിക ഘടന | .. xi—xiii |
| 5. | ഭരണ റിപ്പോർട്ട് | .. 1—17 |
| 6. | പ്രസിദ്ധീകരണങ്ങൾ | .. 18—19 |
| 7. | സാമ്പത്തികാവലോകനം | .. 19—20 |

## തിരിച്ചറിയൽ

വകുപ്പുമന്ത്രി

ബഹുമാനപ്പെട്ട മുഖ്യമന്ത്രി
ശ്രീ. ഇ. കെ, നായനാർ.

വകുപ്പുമേധാവി

ശ്രീ. കെ. ബാലകൃഷ്ണൻ നായർ

## പ്രത്യവലോകന ഉത്തരവ്

**കേരള സർക്കാർ**

സംഗ്രഹം

**എക്കണോമിക്സ് ആൻറ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്— 1987–88–ലെ ഭരണ റിപ്പോർട്ട്—പ്രത്യവലോകനം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു**

---

# ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പ്

ജി. ഒ. (ആർ. റ്റി.) നമ്പർ 423/88/പ്ലാനിംഗ്, തീയതി, തിരുവനന്തപുരം, 1-10-1988

---

പരാമർശം:—18–4–1988–ലെ എക്കണോമിക്സ് ആൻറ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ഡയറക്ടറുടെ പി.ബി. 1–22271/87/ഡി.ഇ.എസ്. നമ്പർ കത്ത്.

### ഉത്തരവ്

1. രേഖപ്പെടുത്തി.

2. റിപ്പോർട്ടു വർഷത്തിൽ ശ്രീ. കെ. ബാലകൃഷ്ണൻ നായർ വകുപ്പ് തലവനായിരുന്നു. സാങ്കേതിക വിഷയങ്ങളിൽ മൂന്ന് അഡീഷണൽ ഡയറക്ടർമാരും ഭരണ കാര്യങ്ങളിൽ ഒരു സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറും ഡയറക്ടറെ സഹായിച്ചുപോന്നു.

### വകുപ്പിന്റെ സർവ്വേ/പഠന പ്രവർത്തനങ്ങൾ

3. ടൈമിലി റിപ്പോർട്ടിംഗ് സർവ്വേ സ്കീം.—പ്രധാന കാർഷിക വിളകൾ കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി, ഉല്പാദനം, ഉല്പാദന നിരക്ക്, ഭൂവിനിയോഗ വിവരം ഇവ സംബന്ധിച്ച സൂക്ഷ്മ വിവരങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിനുവേണ്ടി 1975–76 മുതൽക്കാരംഭിച്ച ഈ പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങൾ യഥാക്രമം 1981 ജൂണിലും 1986 ജൂണിലും പൂർത്തിയായി. മൂന്നാം ഘട്ടം 1986 ജൂലായ് മാസത്തിൽ ആരംഭിച്ചു. 1975–76 മുതൽ 1985–86 വരെയുള്ള സർവ്വേ

റിപ്പോർട്ടുകൾ പ്രസിദ്ധീകരിച്ചു. 1986–87 വർഷത്തെ റിപ്പോർട്ട് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. 1987–88 കാർഷിക വർഷം സംസ്ഥാനത്തെ, 811 ഇൻവെസ്റ്റിഗേറ്റർ സോണുകളാക്കി, ഓരോ സോണിലും 100 ക്ലസ്റ്ററുകൾ വീതം തിരഞ്ഞെടുത്ത്, വിരിപ്പുകാലത്തെ നെൽക്കൃഷിയുടെ വിവരങ്ങൾ ശേഖരിച്ച് അപഗ്രഥിച്ച് ബ്ലോക്ക്, താലൂക്ക് ജില്ലാ തലത്തിൽ പ്രസിദ്ധീകരിച്ചു. ടൈമിലി റിപ്പോർട്ടിംഗ് സർവ്വേയുടെ ഗുണനിലവാരം മെച്ചപ്പെടുത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു സമാന്തര സാമ്പിൾ പരിശോധനാ പദ്ധതിയും നടത്തിവരുന്നു.

4. മഴയുടെ സ്ഥിതിവിവരക്കണക്കു തയ്യാറാക്കൽ.—സംസ്ഥാനത്തെ ഓരോ മാസത്തെയും, വർഷത്തെയും ശരാശരി മഴയുടെ അളവ് കണക്കാക്കുന്നതിലേക്കായി ദിവസംതോറുമുള്ള മഴയുടെ കണക്ക് 1987 ആഗസ്റ്റ് വരെയുള്ളത് തയ്യാറാക്കി. പൂനയിലെ കാലാവസ്ഥാ നിരീക്ഷണ കേന്ദ്രത്തിന് അയച്ചുകൊടുത്തു.

5. കൃഷിയുടെ സ്ഥിതിവിവരക്കണക്ക് പ്രവചന റിപ്പോർട്ട് തയ്യാറാക്കൽ.—റിപ്പോർട്ട് വർഷത്തിലും പ്രധാന വിളകളെ സംബന്ധിച്ച സ്ഥിതിവിവരക്കണക്കുകൾ മുൻകൂറായി തയ്യാറാക്കി ഭാരതസർക്കാരിനും മററു ബന്ധപ്പെട്ട ഓഫീസുകൾക്കും അയച്ചുകൊടുത്തു.

6. കൃഷിഭൂമിയിൽ ഇന്നത്തെ അവസ്ഥയിൽ പുതിയ സാങ്കേതിക വിജ്ഞാനം പ്രയോഗിക്കുന്നതിലുള്ള തടസ്സങ്ങളെക്കുറിച്ചുള്ള മാതൃകാ പഠനം.—എറണാകുളം ജില്ലയിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന 50–ശതമാനം കേന്ദ്ര സഹായമുള്ള ഈ പദ്ധതിയുടെ കാലാവധി 1988 ജൂൺവരെയാണ്. ഈ സർവ്വേയിലൂടെ ശേഖരിക്കപ്പെട്ട വിവരങ്ങൾ ഇന്ത്യൻ കൗൺസിൽ ഫോർ അഗ്രിക്കൾച്ചർ റിസർച്ചിന് അയച്ചുകൊടുത്തു. നാലാം കൊല്ലത്തെ സർവ്വേ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

7. കൃഷിച്ചെലവ് സർവ്വേ.—നെല്ല്, തെങ്ങ്, ഏത്തവാഴ, മരച്ചീനി എന്നീ വിളകളെ സംബന്ധിക്കുന്ന കൃഷിച്ചെലവ് സർവ്വേ സംസ്ഥാനത്തെ 38 താലൂക്കുകളിൽ നടന്നുകൊണ്ടിരിക്കുന്നു. 1985–86–ലെ റിപ്പോർട്ട് പൂർത്തിയാക്കി പ്രസിദ്ധീകരണത്തിന് അയച്ചു. 1986–87–ലെ സർവ്വേയുടെ അപഗ്രഥന ജോലികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. 1983–84, 84–85 വർഷങ്ങളിലെ സർവ്വേ റിപ്പോർട്ട് പ്രസിദ്ധീകരിച്ചു.

8. കാർഷിക സെൻസസ്.—1980–81–ൽ നടത്തിയ മെയിൻ സെൻസസ്സിന്റെ റിപ്പോർട്ട് കേന്ദ്ര ഗവൺമെന്റിന് അയച്ചു കൊടുത്തു കഴിഞ്ഞു. 1981–82–ലെ ഇൻ പുട്ട് സർവ്വെയെ സംബന്ധിച്ച സംസ്ഥാന തല റിപ്പോർട്ടും അയച്ചുകൊടുത്തുകൊണ്ടിരിക്കുന്നു. 1985–86 അടിസ്ഥാന വർഷമാക്കി അഖിലേന്ത്യാ തലത്തിൽ നടന്ന കാർഷിക സെൻസസ്സിന്റെ ഭാഗമായി കേരളത്തിലും തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തു/മുനിസിപ്പൽ/കോർപ്പറേഷൻ വാർഡുകളിൽ 1987 നവമ്പർ 1–ാം തീയതി മുതൽ കാർഷിക സെൻസസ് ആരംഭിച്ചു.

9. പൊതുവില ശേഖരിക്കൽ.—ഈ വിഭാഗം താഴെ പറയുന്ന ജോലികൾ റിപ്പോർട്ടു വർഷത്തിൽ നിർവ്വഹിക്കുകയുണ്ടായി:

(1) അവശ്യസാധനങ്ങളുടെ ദൈനംദിന വില എല്ലാ ജില്ലാ ആസ്ഥാനങ്ങളിൽനിന്നും ശേഖരിച്ച്, ക്രോഡീകരിച്ച് ഗവൺമെൻറിനും വിവിധ ഏജൻസികൾക്കും നൽകി.

(2) വിലയുടെ പ്രവണത കാണിക്കുന്ന പ്രതിമാസ റിപ്പോർട്ട് തയ്യാറാക്കി ഗവൺമെൻറിന് നൽകി.

(3) മാസംതോറുമുള്ള ഉപഭോക്തൃ വില സൂചിക തയ്യാറാക്കി.

(4) തിരഞ്ഞെടുക്കപ്പെട്ട 15 കേന്ദ്രങ്ങളിലെ ഉപഭോക്തൃ വില സൂചിക തയ്യാറാക്കി ഗസററിൽ പരസ്യപ്പെടുത്തി. ഉപഭോക്തൃ വില സൂചിക കാണിക്കുന്ന സ്റേറററ്മെൻറുകൾ അവയുടെ ഗുണഭോക്താക്കൾക്ക് നൽകി.

(5) ലേബർ ബ്യൂറോയ്ക്കുവേണ്ടി ആലപ്പുഴ, ആലുവാ, മുണ്ടക്കയം എന്നിവിടങ്ങളിൽ നിന്ന് 1960 അടിസ്ഥാന വർഷമായുള്ള വിലസൂചിക തയ്യാറാക്കുന്നതിന് വിലകൾ ശേഖരിച്ചു നൽകി.

(6) വിവിധ സർക്കാർ വകുപ്പുകൾക്ക് ഭക്ഷ്യവസ്തുക്കളുടെയും മററ് അവശ്യ സാധനങ്ങളുടെയും ചില്ലറ കമ്പോളവില ശേഖരിച്ചു നൽകി.

10. <u>വനവിഭവങ്ങളുടെ വില ശേഖരിക്കൽ.</u>—18 ഇനം വന വിഭവങ്ങളുടെ വില നാലു കേന്ദ്രങ്ങളിൽനിന്നും മാസംതോറും ശേഖരിച്ച് വനം വകുപ്പിന് നൽകി.

11. <u>മാർക്കററ് ഇൻറലിജൻസ് പദ്ധതി.</u>—തിരുവനന്തപുരം മേഖലയിൽ 27-ം, കോഴിക്കോടു മേഖലയിൽ 11-ം കേന്ദ്രങ്ങളിലെ കമ്പോള വില നിലവാര ബുള്ളററിൻ തയ്യാറാക്കി ദിവസേന ആകാശവാണിയിലൂടെ പ്രക്ഷേപണം ചെയ്യുകയുണ്ടായി. അരിയുടെ തുറന്ന കമ്പോള വിലയെക്കുറിച്ചുള്ള പ്രതിദിന റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര സർക്കാരിനും സിവിൽ സപ്ലൈസ് വകുപ്പിനും പ്രതിവാര റിപ്പോർട്ട് റിസർവ്വ് ബാങ്കിനും മൊത്തവിലയെ സംബന്ധിച്ച വിവരങ്ങൾ പല കേന്ദ്ര സംസ്ഥാന സ്ഥാപനങ്ങൾക്കും നൽകി.

12. <u>ഇൻഡക്സ് സീരീസ് വിഭാഗം (കാർഷിക ധനസംബന്ധം).</u>—ഈ വിഭാഗം റിപ്പോർട്ടു വർഷത്തിൽ കാർഷികോല്പന്നങ്ങളുടെ മൊത്ത വില സൂചിക, കാർഷിക വിഭവങ്ങളിൽ നിന്നുള്ള വരുമാനവും അവയ്ക്കു വേണ്ടിവരുന്ന ചെലവുകളും തമ്മിലുള്ള താരതമ്യ പഠനസൂചിക, കാർഷിക വേതന സൂചിക ഇവയ്ക്കു പുറമെ, കാർഷിക മേഖലയെ സംബന്ധിച്ച മററ് ഏഴു സൂചികകൾ കൂടി തയ്യാറാക്കി.

13. <u>കാർഷിക വിളകളുടെ ചില്ലറവില.</u>—സംസ്ഥാനത്തെ എല്ലാ താലൂക്കുകളിൽ നിന്നും പ്രധാനപ്പെട്ട 27 കാർഷിക വിഭവങ്ങളുടെ പ്രതിമാസ ചില്ലറവില ശേഖരിച്ച് ഗസററിൽ പ്രസിദ്ധപ്പെടുത്തുന്ന പതിവ് റിപ്പോർട്ടു വർഷത്തിലും തുടർന്നു.

14. <u>സംസ്ഥാന വരുമാനം നിർണ്ണയിക്കൽ.</u>—റിപ്പോർട്ടുവർഷത്തിൽ 1985-86-ലെ വാർഷിക വരുമാനത്തിൻറെയും ആളോഹരി വിഹിതത്തിൻറെയും ശീഘ്രമായ കണക്ക് (ക്വിക്ക്-എസ്ററിമേററ്) ഉൾപ്പെടുത്തി മുൻവർഷം അംഗീകാരത്തിനായി സമർപ്പിച്ചിരുന്ന റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തി. 1980-81-മുതൽ 1982-83 വരെയുള്ള വരുമാനം

പുനർനിർണ്ണയം ചെയ്തു. 1980–81 മുതൽ 1984–85 വരെയുള്ള ജില്ലാ അടിസ്ഥാനത്തിലുള്ള വരുമാനവും, ആളോഹരി വരുമാനവും കണക്കാക്കി. 1983–84, 1984–85, 1985–86 വർഷങ്ങളിലെ സംസ്ഥാന വരുമാനവും, ആളോഹരിവരുമാനവും നടപ്പുവർഷത്തിലെ വിലകളിലും 1970–71–ലെ അടിസ്ഥാനവിലയുമായി പുനർനിർണ്ണയം ചെയ്തു. 1986–ലെ മൊത്ത വരുമാനവും, ആളോഹരി വരുമാനവും ശീഘ്രതിട്ടപ്പെടുത്തൽ മുഖേന തയ്യാറാക്കി ലഘുലേഖ പ്രസിദ്ധീകരിച്ചു. 1986–87 സംസ്ഥാന ബഡ്ജററ് വിശകലനം നടത്തി റിപ്പോർട്ട് സമർപ്പിച്ചു. സംസ്ഥാന സർക്കാരിന്റെ 1983–84 മുതൽ 1986–87 വരെയുള്ള കാർഷിക ബഡ്ജററിൽ ഉൾപ്പെടുത്തിയിരിക്കുന്ന വരവുചെലവ് കണക്ക് തരംതിരിച്ച് തയ്യാറാക്കി റിപ്പോർട്ട് പ്രസിദ്ധീകരിച്ചു.

15. ജനന മരണ സ്ഥിതിവിവരക്കണക്ക് ശേഖരിക്കൽ.—ഈ വിഭാഗം റിപ്പോർട്ടു വർഷത്തിൽ സിവിൽ രജിസ്ട്രേഷൻ, പട്ടണപ്രദേശത്തെ സ്ഥിരതാമസക്കാരുടെ ജനനമരണ നിരക്കിൻമേലുള്ള പഠനം, മരണകാരണം വ്യക്തമാക്കുന്നതിനുള്ള മെഡിക്കലാഫീസറുടെ സർട്ടിഫിക്കററിൻമേലുള്ള പഠനം, മരണകാരണങ്ങളെക്കുറിച്ച് ഗ്രാമപ്രദേശങ്ങളിൽ നടത്തുന്ന സർവ്വേ എന്നിവ തുടർന്നും നടത്തി. ജനനമരണങ്ങളെ സംബന്ധിച്ച ഒരു പ്രതിമാസ റിപ്പോർട്ട് രജിസ്ട്രാർ ജനറലിന് അയച്ചു കൊടുത്തു. 40 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ നടത്തിവന്ന മരണകാരണത്തെ സംബന്ധിച്ച സർവ്വെ നടപ്പു വർഷത്തിൽ ജൂലായ് 1987 മുതൽ 10 കേന്ദ്രങ്ങളിലേയ്ക്കു കൂടി വ്യാപിപ്പിച്ചു. മൂന്നു കോർപ്പറേഷനുകളിലും 30 മുനിസിപ്പാലിററികളിലും ഗുരുവായൂർ ടൗൺഷിപ്പിലും സ്പോട്ട് ചെക്ക്, സർവ്വേ നടത്തിയതിന്റെ അടിസ്ഥാനത്തിൽ 1985–ലെ റിപ്പോർട്ട് തയ്യാറാക്കി കഴിഞ്ഞു. 1985–ലെ മരണ കാരണങ്ങളെക്കുറിച്ചുള്ള റിപ്പോർട്ട് തയ്യാറാക്കി കഴിഞ്ഞു. 1986–ലെ റിപ്പോർട്ട് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. സാമ്പിൾ രജിസ്ട്രേഷൻ പദ്ധതിയനുസരിച്ച് കേരളത്തിലെ 150 ഗ്രാമങ്ങളിലെ ജനന മരണങ്ങളെ അടിസ്ഥാനമാക്കി തയ്യാറാക്കിയ ത്രൈമാസിക റിപ്പോർട്ടുകൾ, 42–ം, 43–ം അർദ്ധവാർഷിക സർവ്വേയുടെ ഫലങ്ങൾ എന്നിവ ഭാരത രജിസ്ട്രാർ ജനറലിന് അയച്ചു കൊടുത്തു.

16. വ്യവസായ സ്ഥിതിവിവരക്കണക്ക് ശേഖരിക്കൽ.—ഈ വിഭാഗം സംഘടിത വ്യവസായ മേഖലയിലെ മുടക്കുമുതൽ, വായ്പകൾ, തൊഴിലാളികൾ, ജീവനക്കാർ, വേതനം, അസംസ്കൃത സാധനങ്ങളുടെ ഉപഭോഗം, ഉല്പാദന മൂല്യം, അററമൂല്യം എന്നിവയെക്കുറിച്ച് പഠനങ്ങൾ നടത്തി; 1982–83–ലെ റിപ്പോർട്ട് തയ്യാറാക്കി. 1983–84–ലെ റിപ്പോർട്ട് തയ്യാറാക്കി വരുന്നു. 1984–85–ലെ റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള ടാബുലേഷൻ ജോലികളും പൂർത്തിയാക്കി. റിപ്പോർട്ട് വർഷത്തിൽ 30–6–1986, 30–9–1986, 31–12–1986 എന്നീ കാലയളവിലെ വ്യവസായ ഉല്പന്ന സൂചികയുടെ ത്രൈമാസിക റിപ്പോർട്ടുകൾ തയ്യാറാക്കുകയും 1985–86–ലെ വാർഷിക റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയും ചെയ്തു. കൊച്ചി തുറമുഖംവഴി നടക്കുന്ന കയററുമതി–ഇറക്കുമതിയുടെ 1986–87–ലെ ദൈനംദിന കണക്കുകൾ ശേഖരിച്ച് ക്രോഡീകരിച്ച് റിപ്പോർട്ട് പ്രസിദ്ധീകരണത്തിന് തയ്യാറാക്കി. 1986–ാം വർഷത്തിലെ, വ്യവസായ ഉല്പന്നങ്ങളുടെ മൊത്തവിലയിൽ ഉണ്ടായിട്ടുള്ള മാററം കണക്കാക്കുന്നതിനായുള്ള വ്യവസായ ഉൽപ്പന്ന മൊത്തവില നിലവാരസൂചിക തയ്യാറാക്കി.

17. മാനവ ശക്തി വിഭവ പഠനങ്ങൾ.—മാനവശക്തി വിഭാഗം മൂന്നു പഠനങ്ങൾ പൂർത്തിയാക്കുകയും എട്ടോളം പഠനങ്ങൾ നടത്തിവരുകയും ചെയ്യുന്നു.

18. ഇവാല്യുവേഷൻ.—മണ്ണൊലിപ്പ് തടയുന്ന പദ്ധതിയനുസരിച്ച് ധനസഹായം ലഭിച്ചവരുടെ ധനവിനിയോഗം, ഉൽപ്പാദന നിരക്കിലുണ്ടായിട്ടുള്ള മാററം, അധികമായി കൃഷിക്ക് ലഭിച്ചിട്ടുള്ള ഭൂമിയുടെ വിസ്തൃതി ഇവയെക്കുറിച്ചുള്ള സർവ്വേ തിരുവനന്തപുരം ജില്ലയിൽ പൂർത്തിയാക്കി. പാലക്കാട് ജില്ലയിൽ നടന്നുകൊണ്ടിരിക്കുന്നു. 1980–ൽ നടത്തിയ സാങ്കേതിക സർവ്വേയുടെ റിപ്പോർട്ട് തയ്യാറാക്കി പ്രസിദ്ധീകരണത്തിന് അയച്ചു.

19. നാഷണൽ സാമ്പിൾ സർവ്വേ.—റിപ്പോർട്ടു വർഷത്തിൽ 42–ാം റൗണ്ട് സാമ്പിൾ സർവ്വേ പൂർത്തിയാക്കി. 43–ാം റൗണ്ട് സർവ്വേ ആരംഭിച്ചു. പുതിയ സർവ്വേയിൽ ഗാർഹികച്ചെലവ്, തൊഴിലും തൊഴിലില്ലായ്മയും, വിവിധ യാത്രകൾ എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു. പുതിയ സർവ്വേയുടെ ഒന്നും രണ്ടും സബ്റൗണ്ടുകളുടെ ഫീൽഡ് വർക്ക് അവസാനിച്ചു. 1983–ൽ നടത്തിയ 38–ാം റൗണ്ടു സർവ്വേയിൽ എംപ്ലോയ്മെൻറ്—അൺ എംപ്ലോയ്മെൻറ് പട്ടികകൾ തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. 36–ാം റൗണ്ടിൽ ശേഖരിച്ച അന്ധ–ബധിര–മൂക വൈകല്യങ്ങളുള്ളവരെക്കുറിച്ച് റിപ്പോർട്ടു തയ്യാറാക്കി പ്രസിദ്ധീകരിച്ചു.

20. ഡിസൈൻ സർവ്വേ ആൻറ് സ്ററഡീസ് വിഭാഗം.—റിപ്പോർട്ട് വർഷത്തിൽ ഈ ഡിവിഷൻ ഒരു വിഷയത്തിൽ പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കുകയും, മറെറാരു വിഷയത്തെക്കുറിച്ച് സർവ്വേ നടത്തിക്കൊണ്ടിരിക്കുകയും, മററു മൂന്നു വിഷയങ്ങളെക്കുറിച്ച് പഠനം നടത്തുന്നതിനുള്ള പദ്ധതി തയ്യാറാക്കി അംഗീകാരത്തിനായി സർക്കാരിന് അയച്ചു കൊടുക്കുകയും ചെയ്തു.

21. ഔദ്യോഗിക ഭാഷാവിഭാഗം.—ഒരു സാങ്കേതിക വകുപ്പായതിനാലും, ഭാരതസർക്കാരുമായി കത്തിടപാടുകൾ നടത്തേണ്ടതിനാലും ഇവിടെ ഭരണതലത്തിൽ പൂർണ്ണമായും മലയാളം നടപ്പാക്കുവാൻ സാദ്ധ്യമല്ല. ജില്ലാ—താലൂക്ക് തലങ്ങളിൽ ഭരണഭാഷ ഒരു പരിധിവരെ മലയാളമാക്കി കഴിഞ്ഞു. 1987–ൽ ഇടുക്കി, മലപ്പുറം ജില്ലകളിൽ ഗണ്യമായ പുരോഗതി കൈവരിച്ചു.

22. ഏകോപന വിഭാഗം.— വിവിധ വകുപ്പുകളിലെ സ്ററാററിസ്ററിക്കൽ വിഭാഗം മേധാവികളുടെ യോഗം 1987 ഏപ്രിൽ 2, 3, 22 എന്നീ തീയതികളിൽ നടത്തുകയുണ്ടായി. പ്രസ്തുത യോഗത്തിൽ വിവിധ വകുപ്പുകളിലെ സ്ററാററിസ്ററിക്കൽ സെല്ലുകളുടെ പ്രവർത്തനം വിലയിരുത്തുകയും ഭാവി പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനു വേണ്ട തീരുമാനങ്ങൾ കൈക്കൊള്ളുകയുമുണ്ടായി.

23. <u>മെക്കാനിക്കൽ ടാബുലേഷൻ.</u>—റിപ്പോർട്ടുവർഷത്തിൽ ഒരു ഷിഫ്റ്റ് മാത്രം പ്രവർത്തിച്ചു. 1983–ലെ പഞ്ചായത്തു തലത്തിലുള്ള ജനനമരണ സ്ഥിതിവിവര പട്ടിക തയ്യാറാക്കി. 1984–ലെ പട്ടികകളുടെ ജോലി ആരംഭിക്കുകയും 8(എട്ട്) ജില്ലകളിൽ പൂർത്തിയാക്കുകയും ചെയ്തു.

24. <u>പ്ലാനിംഗ് വിഭാഗം.</u>—വകുപ്പിലെ പദ്ധതിപ്രവർത്തനങ്ങളുടെ പുരോഗതി അവലോകനം ചെയ്ത് പ്രതിമാസ, ത്രൈമാസിക, അർദ്ധ വാർഷിക റിപ്പോർട്ടുകൾ തയ്യാറാക്കി സംസ്ഥാന സർക്കാരിനും, ഭാരത സർക്കാരിനും അയച്ചു കൊടുത്തു. റിപ്പോർട്ടു വർഷത്തിൽ 38 ഉദ്യോഗ സ്ഥൻമാർക്ക് പരിശീലനം നൽകുകയുണ്ടായി. ഡെപ്യൂട്ടി ഡയറക്ടർ മാരുടെ മൂന്നും, ജില്ലാ ഓഫീസർമാരുടെ രണ്ടും, ഉപജില്ലാ ഓഫീസർമാരുടെ ഒന്നും കോൺഫറൻസുകൾ വിവിധ ജില്ലകളിൽ വച്ച് നടത്തുകയുണ്ടായി.

25. <u>പ്രസിദ്ധീകരണങ്ങൾ.</u>—ഈ വിഭാഗം റിപ്പോർട്ടു വർഷത്തിൽ വിവിധ വിഷയങ്ങളിലായി 38 റിപ്പോർട്ടുകൾ പ്രസിദ്ധീകരിച്ചു.

26. <u>ചെലവ്.</u>—റിപ്പോർട്ടു വർഷത്തിൽ വകുപ്പിന്റെ ആകെ ചെലവ് 362.91 ലക്ഷം രൂപ ആയിരുന്നു.

27. 1987–88–ൽ വകുപ്പിന്റെ പ്രവർത്തനം സാമാന്യം തൃപ്തി കരമായിരുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

കെ.വി. വാസുദേവൻ നമ്പൂതിരിപ്പാട്

അണ്ടർ സെക്രട്ടറി

# ആമുഖം

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് (ഇക്കണോമിക്സ് ആൻറ് സ്റ്റാറ്റിസ്റ്റിക്സ്) വകുപ്പ് സാമ്പത്തിക സ്ഥിതിവിവരക്കണക്കുകളുടെ ശേഖരണം, ക്രമീകരണം, അപഗ്രഥനം തുടങ്ങിയ ജോലികളിൽ സംസ്ഥാനത്തെ മുഖ്യഘടകമായി നിലകൊള്ളുന്നു. ഇതിനുപുറമേ സാമ്പത്തിക സ്ഥിതി വിവരക്കണക്കുകളെക്കുറിച്ചുള്ള പരാമർശങ്ങൾക്ക് സർക്കാരിൻെറ ഒരു ഉപദേശഘടകമായി പ്രവൃത്തിക്കുന്ന ഈ വകുപ്പ് സംസ്ഥാനത്തിൻെറ സാമ്പത്തിക സ്ഥിതിവിവരങ്ങളെക്കുറിച്ചുള്ള റിപ്പോർട്ട് ആധികാരികമായി വിശകലനം ചെയ്ത് തയ്യാറാക്കുകയും, കേന്ദ്ര സംസ്ഥാന സർക്കാരുകൾക്കും, സാമ്പത്തിക കേന്ദ്രങ്ങൾക്കും നൽകുകയും ചെയ്തുവരുന്നു. തൻമൂലം കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് ഈ വകുപ്പ് പരമപ്രധാനമായ പങ്കു വഹിക്കുന്നു.

# ഔദ്യോഗികഘടന

## ഡയറക്ടർ

റിപ്പോർട്ടു വർഷത്തിലും ശ്രീ. കെ. ബാലകൃഷ്ണൻ നായർ വകുപ്പു തലവനായി തുടർന്നു വരുന്നു. സാങ്കേതിക വിഷയങ്ങളിൽ 3 അഡീഷണൽ ഡയറക്ടർമാരും ഭരണകാര്യങ്ങളിൽ ഒരു സീനിയർ അഡ്മിനിസ്ട്രേററീവ് ഓഫീസറും ഡയറക്ടറെ സഹായിച്ചുവരുന്നു.

## അഡീഷണൽ ഡയറക്ടർമാർ

ശ്രീ. ജി. രാമചന്ദ്രൻ നായർ 31–7–1987–ൽ സർവ്വീസിൽനിന്നും വിരമിക്കുന്നതുവരെ അഡീഷണൽ ഡയറക്ടർ (ജനറൽ) ആയിരുന്നു.. തുടർന്ന് 1–8–1987 മുതൽ 4–3–1988–ന് അവധിയിൽ പ്രവേശിക്കുന്നതുവരെ ശ്രീമതി പി.എൽ. ശ്രീദേവിയമ്മ അഡീഷണൽ ഡയറക്ടർ (ജനറൽ) ആയിരുന്നു. 5–3–1988 മുതൽ അഡീഷണൽ ഡയറക്ടറായി ഉദ്യോഗക്കയററം ലഭിച്ച ശ്രീ. ററി. ജനാർദ്ദന മേനോൻ അഡീഷണൽ ഡയറക്ടറായി തുടർന്നു. ശ്രീമതി എസ്. രത്നാഭായി അമ്മാൾ റിപ്പോർട്ടുവർഷത്തിലും, പ്രൈസസ് വിഭാഗം അഡീഷണൽ ഡയറക്ടറായി തുടർന്നു വരുന്നു. 7–5–1987–ൽ ഉദ്യോഗക്കയററം ലഭിച്ച ശ്രീമതി ററി. സരസ്വതി അമ്മ സ്റേററ് ഇൻകം വിഭാഗത്തിൻെറ അഡീഷണൽ ഡയറക്ടറായി തുടർന്നുവരുന്നു. റിപ്പോർട്ടു വർഷത്തിൽ ഉദ്യോഗക്കയററം ലഭിച്ച ശ്രീ. ഭാസ്കരമേനോൻ 30–6–1987–ൽ സർവ്വീസിൽനിന്നും വിരമിക്കുന്നതുവരെ കമാൻഡ് ഏരിയാ ഡെവലപ്പ്മെൻറ് അതോറിററിയിൽ അഡീഷണൽ ഡയറക്ടർ ആയിരുന്നു. റിപ്പോർട്ടു വർഷത്തിൽ ഉദ്യോഗകയററം ലഭിച്ച ശ്രീ. ജി. സോമശേഖരൻ നായർ കേരള സംസ്ഥാന ഭൂവിനിയോഗ സമിതിയിൽ അഡീഷണൽ ഡയറക്ടറായി തുടർന്നുവരുന്നു.

## അഡ്മിനിസ്ട്രേററീവ് ആഫീസർമാർ

റിപ്പോർട്ടു വർഷത്തിൽ 7–10–1987 വരെ ശ്രീ. വി. ഗോപാലകൃഷ്ണൻ നായരും തുടർന്ന് 31–10–1987 വരെ ശ്രീ. കെ.ജെ. ജോസഫും സീനിയർ അഡ്മിനിസ്ട്രേററീവ് ആഫീസർമാരായിരുന്നു. 1–12–1987 മുതൽ ശ്രീ. ററി. സിറിൽജോർജ്ജും സീനിയർ അഡ്മിനിസ്ട്രേററീവ് ആഫീസറായി തുടർന്നുവരുന്നു.

## ജോയിൻറ് ഡയറക്ടർമാർ

1. ശ്രീ. ററി.പി. രാജഗോപാലൻ
2. ശ്രീ. കെ. അച്യുതൻ
3. ഡോക്ടർ എം. കുട്ടപ്പൻ
4. ശ്രീമതി സി. സൈനബാ
5. ശ്രീമതി കെ. ലീലാകുമാരി

## ഡെപ്യൂട്ടി ഡയറക്ടർമാർ

1. ശ്രീ. യു. തോമസ് സ്ലീബാ
2. ശ്രീ. ഇ. ജമാൽമുഹമ്മദ്
3. ശ്രീ. എം. എൻ. രാജൻ
4. ശ്രീ. എ. മീരാസാഹിബ്
5. ശ്രീമതി എസ്. സുനിതാ
6. ശ്രീ. സി. സോമവർമ്മ
7. ശ്രീ. എം.എൻ. ഹരിദാസൻ നായർ
8. ശ്രീ. ഇ.പി. ഗോവിന്ദപിള്ള (31–5–1987–ൽ സർവ്വീസിൽ നിന്നും വിരമിച്ചു)
9. ശ്രീ. പി.കെ. ചന്തുനായർ
10. ശ്രീമതി ജെ. പത്മം (29–2–1988–ൽ സർവ്വീസിൽ നിന്നും വിരമിച്ചു)
11. ശ്രീമതി എസ്. ഇന്ദിര
12. ശ്രീമതി എ. സരസമ്മ
13. ശ്രീമതി ലില്ലിക്കുട്ടി വർഗ്ഗീസ്
14. ശ്രീ. പി.സി. ജെയിൻ
15. ശ്രീ. പി.ററി. ആൻറണി
16. ശ്രീ. പി. ഗോപിനാഥൻനായർ

## അസിസ്ററൻറ് ഡയറക്ടർമാർ

1. ശ്രീ. പി.സി. ജെയിൻ (30–6–1987 വരെ)
2. ശ്രീമതി എസ്. രാധ (25–11–1987 വരെ)
3. ശ്രീ. പി.പി. ഗോപാലകൃഷ്ണപിള്ള (27–1–1988 വരെ)
4. ശ്രീ. ററി.ററി. മൈക്കിറം
5. ശ്രീമതി കനകം ഹരിദാസ്
6. ശ്രീ. പി. കൊച്ചുനാരായണപിള്ള
7. ശ്രീ. സി. രാജൻ
8. ശ്രീ. സാംവർഗ്ഗീസ്
9. ശ്രീ. എം. വേലായുധൻ
10. ശ്രീ. എം.സി. യേശുദാസൻ
11. ശ്രീ. കെ. നാരായണൻ
12. ശ്രീ. ബി. മോഹനകുമാരൻ നായർ
13. ശ്രീമതി മിനിജോർജ്ജ്
14. ശ്രീമതി ബി. അംബികാകുമാരി
15. ശ്രീ. വി.ജെ. ഐസക്
16. ശ്രീ. സി.പി. ഗോപിനാഥൻ നായർ

## ജില്ലാ ആഫീസർമാർ/റീജിയണൽ സ്ററാററിസ്ററിക്കൽ ആഫീസർമാർ

1. ശ്രീ. എം. മുഹമ്മദ് സർവർഖാൻ
2. ശ്രീ. കെ.എൻ. രാധാകൃഷ്ണൻനായർ (31–5–1987 വരെ)
3. ശ്രീ. വി.സി. കുര്യൻ (29–2–1988 വരെ)
4. ശ്രീ. വി.സി. ജോർജ്ജ്
5. ശ്രീ. സി.കെ. വിദ്യാധരൻ
6. ശ്രീ. കെ.പി. കരുണാകരൻപിള്ള
7. ശ്രീ. കെ. കൃഷ്ണൻ
8. ശ്രീ. എച്ച്. ജോൺസൺ
9. ശ്രീ. ആർ. രവീന്ദ്രനാഥൻ നായർ (24–6–1987 വരെ)
10. ശ്രീ. കെ. നാരായണൻ നായർ (2–4–1987 വരെ)
11. ശ്രീ. കെ. രാമക്കുറുപ്പ് (31–12–1987 വരെ)
12. ശ്രീ. കെ.എം. മാത്യു
13. ശ്രീമതി എം.എസ്. പുഷ്പകുമാരി
14. ശ്രീ. ജോർജ്ജ് മാത്യു
15. ശ്രീ. ററി.പി. ഗോപിനാഥൻ (30–3–1987 വരെ)
16. ശ്രീ. പി.ആർ. മുരളീധരൻ നായർ
17. ശ്രീ. എം.സി. സാമുഖ (31–10–1987 വരെ)
18. ശ്രീ. ററി. ശ്രീധരൻ (31–11–1987 വരെ)
19. ശ്രീ. ററി.വി. ഫിലിപ്പോസ്
20. ശ്രീ. എ.വി. യാക്കോബ്
21. ശ്രീ. കെ. ശ്രീധരൻ
22. ശ്രീമതി എൻ. തങ്കമ്മ (30–11–1987 വരെ)
23. ശ്രീ. കെ.ആർ. രാജൻ
24. ശ്രീ. കെ.ററി. സക്കറിയ
25. ശ്രീ. ററി.യു. മത്തായി

## അഡ്മിനിസ്ട്രേററീവ് അസിസ്ററൻറ്

1. ശ്രീ. കെ.പി. കരുണാകരൻ
2. ശ്രീമതി വി.എ.സ്. ജാനകി
3. ശ്രീ. എം. രാഘവ്യം

# ഭരണ റിപ്പോർട്ട്

## ടൈമിലി റിപ്പോർട്ടിംഗ് സർവ്വേ സ്കീം

സംസ്ഥാന കൃഷി സംബന്ധമായ സ്ഥിതിവിവരക്കണക്കുകൾ അതായത് ഭൂവിനിയോഗം പ്രധാന കാർഷിക വിളകൾ, അവ കൃഷിചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി, ഉൽപ്പാദനം, ഉൽപ്പാദനനിരക്ക് തുടങ്ങിയ വിവരങ്ങൾ വർഷംതോറും തിരഞ്ഞെടുക്കുന്ന ഗ്രാമങ്ങളിൽ നടത്തുന്ന വാർഷിക സർവ്വേ മുഖാന്തിരമായിരുന്നു കണക്കാക്കിയിരുന്നത്. സാമ്പിൾ സൈസുകൾ തീരെ ചെറുതായിരുന്നതുകൊണ്ട് ഇപ്രകാരം ശേഖരിക്കുന്ന വിവരങ്ങൾ ഗുണനിലവാരത്തിൽ പിന്നോക്കമായിരുന്നു. അതിനാൽ കൂടുതൽ സൂക്ഷ്മമായ കണക്കുകൾ യഥാസമയത്തുതന്നെ ലഭ്യമാക്കുന്നതിനുവേണ്ടി 1975–76 മുതൽ കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി ഒരു സർവ്വേ ആരംഭിച്ചു. അഖിലേന്ത്യാടിസ്ഥാനത്തിൽ നടത്തുന്ന ടൈമിലി റിപ്പോർട്ടിംഗ് സർവ്വേയുടെ ഒരു രൂപാന്തരമാണ് പ്രസ്തുത സർവ്വേ. ഇതനുസരിച്ച് അഞ്ചു വർഷംകൊണ്ട് കേരളത്തിലെ എല്ലാ വില്ലേജുകളും പൂർണ്ണമായി സർവ്വേ ചെയ്ത് തീർക്കാനാണുദ്ദേശിച്ചിട്ടുള്ളത്. പ്രസ്തുത സർവ്വേയുടെ ഒന്നും, രണ്ടും ഘട്ടങ്ങൾ യഥാക്രമം 1981 ജൂണിലും, 1986 ജൂണിലും പൂർത്തിയായി. മൂന്നാംഘട്ടം 1986 ജൂലൈ മാസത്തിൽ ആരംഭിച്ചു.

കാർഷികമേഖലയെക്കുറിച്ചുള്ള കണക്കുകൾ ബ്ലോക്കുതലത്തിൽ വേണമെന്ന ഡാററാ ഉപഭോക്താക്കളുടെ ആവശ്യവും, വിള ഇൻഷുറൻസ് പദ്ധതി ബ്ലോക്ക് തലത്തിൽ നടപ്പാക്കുന്നതിനുംവേണ്ടി 1987–88 മുതൽ സംസ്ഥാനത്തെ മൊത്തം റവന്യൂ വില്ലേജുകളിൽനിന്നും ഇരുപതു ശതമാനം തിരഞ്ഞെടുത്ത് സർവ്വേ നടത്തുന്നതിനു പകരം എല്ലാ റവന്യൂ വില്ലേജുകളേയും 811 ഇൻവെസ്റ്റിഗേറ്റർ സോണുകളാക്കി അതിൽനിന്നും 5 സർവ്വേ/ലിത്തോ സബ്ഡിവിഷൻ ഉൾക്കൊള്ളുന്ന മൊത്തം 100 ക്ലസ്ററുകളിൽനിന്ന് വിവരം ശേഖരിക്കുന്നു. ഇതിനു വേണ്ടി ബ്ലോക്ക്/ടൗൺ മുഖ്യ സ്ട്രാററമായും സർവ്വേ/ലിത്തോ സബ്ഡിവിഷൻ സാംപ്ലിംഗ് യൂണിററായുമാണ് കണക്കാക്കുന്നത്. ഇപ്രകാരം തിരഞ്ഞെടുത്ത നിലം മൂന്നുപ്രാവശ്യവും (വിരിപ്പ്, മുണ്ടകൻ, പുഞ്ച) കരഭൂമി രണ്ടു പ്രാവശ്യവും സന്ദർശനം നടത്തി കൃഷിചെയ്ത വിളവുകളുടെ വിവരങ്ങൾ, അത്യുൽപ്പാദന ശേഷിയുള്ള വിത്തുപയോഗിച്ചു നെൽക്കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി, ജലസേചന വിവരങ്ങൾ എന്നിവ ശേഖരിക്കുന്നു. കാർഷികോല്പാദനം തിട്ടപ്പെടുത്തുന്നതിന് ആവശ്യമായ വിളവെടുപ്പു പരീക്ഷണങ്ങളും ഈ തിരഞ്ഞെടുക്കപ്പെട്ട ക്ലസ്ററുകളിലാണ് നടത്തുന്നത്.

ജില്ലാതലത്തിൽ സർവ്വേ നടത്തുന്നതിനുള്ള ചുമതല ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ ആഫീസർ, അഡീഷണൽ ജില്ലാ ആഫീസർ എന്നിവർക്കാണ്. താലൂക്ക് തലത്തിൽ താലൂക്ക് സ്ററാററിസ്ററിക്കൽ ആഫീസർ, ഇൻസ്പെക്ടർ എന്നിവരാണ് ഈ ചുമതല നിർവ്വഹിക്കുന്നത്.

ജൂലൈ മാസത്തിൽ ആരംഭിച്ച് ജൂൺ മാസംകൊണ്ടവസാനിക്കുന്ന കാർഷിക വർഷമാണ് റഫറൻസ് പീരിഡായി എടുക്കുന്നത്. 1975–76 മുതൽ 1985–86 വരെയുള്ള സർവ്വെ റിപ്പോർട്ടുകൾ പ്രസിദ്ധീകരിച്ചു. 1986–87 വർഷത്തെ റിപ്പോർട്ട് തയ്യാറാക്കികൊണ്ടിരിക്കുന്നു. നടപ്പു വർഷം തിരഞ്ഞെടുത്ത ക്ലസ്ററുകളിൽ നാഷണൽ സാമ്പിൾ സർവ്വെ സംഘടനയുടെ ആഭിമുഖ്യത്തിൽ നെല്ലിനും, മരച്ചീനിക്കുമായി ഒരു സമാന്തര പരിശോധനാപദ്ധതി നടത്തുന്നുണ്ട്. ഇതിനായി തിരഞ്ഞെടുത്ത 266 വില്ലേജുകളിൽ, ഓരോ വില്ലേജിലുമുള്ള 4 ക്ലസ്ററിൽ ഈ പദ്ധതി നടന്നുവരുന്നു. ഇതിൽ 50% വീതം വില്ലേജുകൾ അഡീഷണൽ ജില്ലാ സ്ററാററിസ്ററിക്കൽ ആഫീസറും, നാഷണൽ സാമ്പിൾസർവ്വേ ഉദ്യോഗസ്ഥരുമാണ് പരിശോധനാ പദ്ധതി നടപ്പിലാക്കുന്നത്.

1985–86–ലെ സർവ്വേ മുഖാന്തിരം ശേഖരിച്ച വിവരങ്ങളെ അടിസ്ഥാനമാക്കിയുള്ള ഭൂവിനിയോഗ വിവരങ്ങൾ പ്രധാനപ്പെട്ട വിളകൾ കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി, ഉല്പാദനം എന്നിവ കണക്കാക്കി അപഗ്രഥിച്ചുകൊണ്ടിരിക്കുന്നു.

1987–88 കാർഷികവർഷം സംസ്ഥാനത്തെ 811 ഇൻവെസ്ററിഗേററർ സോണുകളാക്കി, ഓരോ സോണിലും 100 ക്ലസ്ററുകൾ വീതം തിരഞ്ഞെടുക്കുന്നതിനുള്ള പരിശീലനവും നിർദ്ദേശങ്ങളും നൽകിക്കഴിഞ്ഞു. തിരഞ്ഞെടുക്കപ്പെട്ട ക്ലസ്ററുകളിലെ വിരിപ്പുകാലത്തെ നെൽകൃഷിയുടെ വിവരങ്ങൾ ശേഖരിച്ച് അപഗ്രഥിച്ച് ബ്ലോക്ക്, താലൂക്ക്, ജില്ലാതലത്തിൽ പ്രസിദ്ധീകരിച്ചു. റിപ്പോർട്ടുവർഷത്തിൽ വിളവെടുപ്പു പരീക്ഷണങ്ങൾ നടത്തുന്നതിനുവേണ്ടി തിരഞ്ഞെടുക്കപ്പെട്ട വിളവുകളും നടത്താനുദ്ദേശിക്കുന്ന പരീക്ഷണങ്ങളും താഴെ കൊടുക്കുന്നു.

| വിളയുടെ പേര് | | നടത്താനുദ്ദേശിക്കുന്ന പരീക്ഷണങ്ങളുടെ എണ്ണം | ഇതുവരെ നടത്തിയ പരീക്ഷണങ്ങളുടെ എണ്ണം | റിമാർക്ക് |
|---|---|---|---|---|
| നെല്ല് | വിരിപ്പ് | 4866 | 4866 | സർവ്വേ പുരോഗമിക്കുന്നു |
| | മുണ്ടകൻ | 4966 | .. | .. |
| | പുഞ്ച | 4833 | .. | .. |
| തേങ്ങ | | 2433 | .. | സർവ്വേ പുരോഗമിച്ചുകൊണ്ടിരിക്കുന്നു |
| അടയ്ക്കാ | | 1622 | .. | ,, |
| കശുവണ്ടി | | 1622 | .. | ,, |
| കുരുമുളക് | | 1622 | .. | ,, |
| മരച്ചീനി | | 1622 | .. | ,, |
| ഏത്തവാഴ | | 2433 | .. | ,, |
| ചെറുചക്ക | | 1622 | .. | ,, |
| മററു വാഴകൾ | | 1622 | .. | ,, |
| എള്ള് | | 1622 | .. | ,, |
| ഇഞ്ചി | | 800 | .. | ,, |

1986–87 ലെ ററി.ആർ.എസ്. സർവ്വേ വിവരങ്ങൾ അപഗ്രഥിച്ചു കൊണ്ടിരിക്കുന്നു. അപഗ്രഥിച്ചതോളം വിവരങ്ങൾ ജില്ല തിരിച്ച് താഴെ കൊടുക്കുന്നു:

| | ജില്ല | വിസ്തീർണ്ണം (ഹെക്ടർ) | നെല്ല് ഉല്പാദന നിരക്ക് (കിലോ/ഹെക്ടർ) | അരി ഉല്പാദനം (ടണ്ണിൽ) |
|---|---|---|---|---|
| 1. | തിരുവനന്തപുരം | 10,920 | 2,735 | 19,623 |
| 2. | കൊല്ലം | 13,932 | 2,987 | 27,612 |
| 3. | പത്തനംതിട്ട | 4,626 | 3,245 | 9,778 |
| 4. | ആലപ്പുഴ | 19,858 | 2,931 | 38,141 |
| 5. | കോട്ടയം | 9,778 | 3,473 | 22,309 |
| 6. | ഇടുക്കി | 2,112 | 3,462 | 4,804 |
| 7. | എറണാകുളം | 31,044 | 2,372 | 48,370 |
| 8. | തൃശ്ശൂർ | 25,360 | 2,140 | 35,685 |
| 9. | പാലക്കാട് | 74,376 | 3,032 | 1,48,157 |
| 10. | മലപ്പുറം | 22,690 | 1,935 | 28,857 |
| 11. | കോഴിക്കോട് | 3,855 | 1,536 | 3,891 |
| 12. | വയനാട് | .... | .... | .... |
| 13. | കണ്ണൂർ | 12,700 | 2,321 | 19,367 |
| 14. | കാസർകോഡ് | 9,174 | 2,655 | 16,005 |
| | കേരളം | 2,40,445 | 2,675 | 4,22,599 |

റൈറമിലി റിപ്പോർട്ടിംഗ് സർവ്വേയുടെ ഗുണനിലവാരം മെച്ചപ്പെടുത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു സമാന്തര സാമ്പിൾ പരിശോധനാ പദ്ധതിയും നടത്തിവരുന്നു. ഈ പദ്ധതിയനുസരിച്ച് നടത്താനുദ്ദേശിച്ചുകൊണ്ടുള്ള പരീക്ഷണങ്ങൾ താഴെ കൊടുക്കുന്നു:

| വിളയുടെ പേര് | | നടത്താനുദ്ദേശിക്കുന്ന പരീക്ഷണങ്ങളുടെ എണ്ണം | നടത്തിയ പരീക്ഷണങ്ങൾ |
|---|---|---|---|
| നെല്ല് | വിരിപ്പ് | 160 | 16 |
| | മുണ്ടകൻ | 160 | പുരോഗമിച്ചു കൊണ്ടിരിക്കുന്നു |
| | പുഞ്ച | 120 | ,, |
| മരച്ചീനി | | 8 | ,, |

## 2. മഴയുടെ സ്ഥിതിവിവരകണക്കു തയ്യാറാക്കൽ

വിവിധ മഴയളക്കൽ കേന്ദ്രത്തിൽനിന്നും റവന്യൂ ബോർഡ് മുഖാന്തിരം ശേഖരിക്കപ്പെടുന്ന മഴയുടെ കണക്കുകൾ സമാഹരിച്ച് പൂനയിലെ കാലാവസ്ഥാ നിരീക്ഷണ കേന്ദ്രത്തിന് അയച്ചുകൊടുത്തു. ഇതിനെ അടിസ്ഥാനമാക്കി ഓരോ മാസത്തേയും, വർഷത്തേയും ശരാശരി മഴയുടെ അളവ് കണക്കാക്കുന്നു. ദിവസംതോറുമുള്ള മഴയുടെ കണക്ക് 1987 ആഗസ്ററ് വരെയുള്ളത് തയ്യാറാക്കി അയച്ചുകൊടുത്തു.

## 3. കൃഷിയുടെ സ്ഥിതിവിവരകണക്ക് പ്രവചന റിപ്പോർട്ട് തയ്യാറാക്കൽ

പ്രധാനപ്പെട്ട വിളകൾ കൃഷിചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതിയും, ഉൽപ്പാദനവും മുൻകൂട്ടിക്കണക്കാക്കുന്ന രീതിയനുസരിച്ച് ഈ വർഷവും റിപ്പോർട്ടുകൾ തയ്യാറാക്കി നിശ്ചിത സമയത്തിന് കേന്ദ്ര ഗവൺമെന്റിനും, സംസ്ഥാന ഗവൺമെന്റിനും അയച്ചുകൊടുത്തു.

## 4. കൃഷിഭൂമിയിൽ ഇന്നത്തെ അവസ്ഥയിൽ പുതിയ സാങ്കേതിക രീതി പ്രയോഗിക്കുന്നതിനുള്ള തടസ്സങ്ങളെ കുറിച്ചുള്ള മാതൃകാ പഠനം

കേന്ദ്ര ഗവൺമെന്റിന്റെ 50 ശതമാനം സാമ്പത്തിക സഹായമുള്ള ഈ പദ്ധതി എറണാകുളം ജില്ലയിലാണ് നടപ്പാക്കികൊണ്ടിരിക്കുന്നത്.

1988 ജൂൺവരെയാണ് ഈ പരീക്ഷണ പദ്ധതിയുടെ കാലാവധി. ഈ സർവ്വേയിലൂടെ ശേഖരിക്കപ്പെട്ട വിവരങ്ങൾ ഇൻഡ്യൻ കൗൺസിൽ ഫോർ അഗ്രിക്കൾച്ചർ റിസർച്ചിന് അയച്ചുകൊടുത്തു. നാലാം കൊല്ലത്തെ സർവ്വേ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

### കൃഷി ചെലവു സർവ്വേ

1987–88 കാർഷിക വർഷത്തിലെ നെല്ല്, തെങ്ങ്, ഏത്തവാഴ, മരച്ചീനി എന്നീ വിളകളെ സംബന്ധിക്കുന്ന കൃഷിചെലവ സർവ്വേ സംസ്ഥാനത്തെ 38 താലൂക്കുകളിൽ നടന്നുകൊണ്ടിരിക്കുന്നു. 1985–86 ലെ റിപ്പോർട്ട് പൂർത്തിയാക്കി പ്രസിദ്ധീകരണത്തിന് അയച്ചു. 1986–87 ലെ സർവ്വേയുടെ അപഗ്രഥന ജോലികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. 1983–84, 1984–85 വർഷങ്ങളിലെ സർവ്വേ റിപ്പോർട്ട് പ്രസിദ്ധീകരിച്ചു.

സർവ്വേയ്ക്കുവേണ്ടി തിരഞ്ഞെടുക്കപ്പെട്ട താലൂക്കുകളിൽ പഠന വിഷയമാക്കേണ്ട വിളവുകളുടെ കൃഷി ചെലവിനെപ്പററിയുള്ള വിവരങ്ങൾ ഇൻവെസ്ററിഗേറ്റർമാർ രണ്ടാഴ്ചയിൽ ഒരിക്കൽ കർഷകരിൽനിന്ന് നേരിട്ട് നിശ്ചിത ഫോറങ്ങളിൽ രേഖപ്പെടുത്തുന്നുണ്ട്.

കാർഷിക സെൻസസ്

എ. സെൻസസിന്റെ പ്രധാന ലക്ഷ്യങ്ങൾ.— 1. ഭൂപരിഷ്കരണ നിയമം നടപ്പാക്കിയശേഷം ഭൂമിയുടെ കൈവശാവകാശത്തിൽ വന്നിട്ടുള്ള മാററങ്ങളും തൻമൂലം ഉണ്ടായിട്ടുള്ള ഗുണങ്ങളും അപഗ്രഥിക്കുന്നതിനാവശ്യമായ വിവരങ്ങൾ ശേഖരിക്കുക.

2. ഭൂവിനിയോഗം, കാർഷിക വിളകളുടെ വിസ്തീർണ്ണം, ജലസേചന സൗകര്യം തുടങ്ങിയവയെ സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിക്കുക.

3. വിത്ത്, വളം, കീടനാശിനി തുടങ്ങി കാർഷികാവശ്യത്തിനുള്ള അവശ്യഘടകങ്ങളെ കുറിച്ച് സമഗ്രമായ വിവരങ്ങൾ ശേഖരിക്കുക.

4. കാർഷികോപകരണങ്ങൾ, കന്നുകാലികൾ തുടങ്ങിയവയെ കുറിച്ചും കാർഷിക വായ്പയുടെ ലഭ്യതയെക്കുറിച്ചും, വിവരങ്ങൾ ശേഖരിക്കുക. കൈവശഭൂമിയെ കുറിച്ച് മുകളിൽ പറയുന്ന കാര്യങ്ങൾ പൊതുവായിട്ടും, പട്ടികജാതി, പട്ടികവർഗ്ഗക്കാരെക്കുറിച്ച് പ്രത്യേകമായും ശേഖരിക്കുന്നുണ്ട്. സെൻസസ് പ്രധാനമായും, രണ്ടു ഘട്ടങ്ങളായിട്ടാണ് നടത്തുന്നത്. മെയിൻ സെൻസസും, നിവേശപര്യവേഷണവും (ഇൻപുട്ട്).

1980–81–ൽ നടത്തിയ മെയിൻ സെൻസസിന്റെ റിപ്പോർട്ട് കേന്ദ്ര ഗവൺമെൻറിന് അയച്ചുകൊടുത്തുകഴിഞ്ഞു. 1981–82–ലെ ഇൻപുട്ട് സർവ്വേയെ സംബന്ധിച്ച് സംസ്ഥാനതല റിപ്പോർട്ടും, ജില്ലാതല റിപ്പോർട്ടും അയച്ചുകൊടുത്തുകൊണ്ടിരിക്കുന്നു.

1985–86 അടിസ്ഥാന വർഷമായി അഖിലേന്ത്യാതലത്തിൽ നടത്തുന്ന കാർഷിക സെൻസസിന്റെ ഭാഗമായി കേരളത്തിലും തിരഞ്ഞെടുക്കപ്പെട്ട 20% (2041) പഞ്ചായത്തു വാർഡുകളിലും 10% (125) മുനിസിപ്പൽ/. കോർപ്പറേഷൻ വാർഡുകളിലും, 1987 നവംബർ 1–ാം തീയതിമുതൽ കാർഷിക സെൻസസ് ആരംഭിച്ചു.

പൊതുവില ശേഖരിക്കൽ.—ഈ വിഭാഗം താഴെ പറയുന്ന ജോലികൾ നിർവ്വഹിച്ചുവരുന്നു.

1. അവശ്യസാധനങ്ങളുടെ ദൈനംദിന വിലകൾ സംസ്ഥാനത്തെ എല്ലാ ജില്ലാ ആസ്ഥാനങ്ങളിൽനിന്നും ടെലഫോൺ/ടെലക്സ് മുഖേന ശേഖരിച്ച് ക്രോഡീകരിച്ച് അടുത്ത ദിവസംതന്നെ ഗവൺമെൻറിലേയ്ക്കും വിവിധ ഏജൻസികൾക്കും അയച്ചുവരുന്നു.

2. വിലയുടെ പ്രവണതയെ കാണിക്കുന്ന പ്രതിമാസ റിപ്പോർട്ട് തയ്യാറാക്കി ഗവൺമെൻറിലേയ്ക്ക് അയയ്ക്കുന്നു.

3. മാസംതോറുമുള്ള ഉപഭോക്തൃ വിലസൂചിക തയ്യാറാക്കുന്നു. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ മൂന്നു ജില്ലാ ആസ്ഥാനങ്ങളിൽനിന്നും എല്ലാ വെള്ളിയാഴ്ചത്തെയും അവശ്യസാധനങ്ങളുടെ ചില്ലറവിലയും പ്രതിമാസാവസാന വെള്ളിയാഴ്ചത്തെ മുഖ്യ ഭക്ഷ്യസാധനങ്ങളുടെ വിലയും ശേഖരിച്ച് കേന്ദ്ര സർക്കാരിന് അയച്ചു വരുന്നു.

4. താഴെ പറയുന്ന 15 തിരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളുടെ ഉപഭോക്തൃ വിലസൂചിക തയ്യാറാക്കി ഗസററിൽ വിജ്ഞാപനം ചെയ്യുന്നു:

1. തിരുവനന്തപുരം
2. കൊല്ലം
3. പുനലൂർ
4. ആലപ്പുഴ
5. കോട്ടയം
6. മുണ്ടക്കയം
7. മൂന്നാർ
8. എറണാകുളം
9. ചാലക്കുടി
10. തൃശൂർ
11. പാലക്കാട്
12. കോഴിക്കോട്
13. മലപ്പുറം
14. മേപ്പാടി
15. കണ്ണൂർ

ഉപഭോക്തൃ വിലസൂചിക കണക്കാക്കുന്ന സ്റേററുമെൻറുകൾ അവയുടെ ഗുണ ഭോക്താക്കളായ സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ—സ്വകാര്യ സ്ഥാപനങ്ങൾക്കും, വ്യക്തികൾക്കും നേരിട്ട് അയച്ചു കൊടുത്തു വരുന്നു.

ലേബർ ബ്യൂറോയ്ക്കുവേണ്ടി ആലപ്പുഴ, ആലുവ, മുണ്ടക്കയം എന്നിവിടങ്ങളിൽനിന്നും 1960 അടിസ്ഥാനവർഷമായുള്ള വില സൂചിക കണക്കാക്കുന്നതിനുവേണ്ടിയുള്ള വിലകൾ ശേഖരിച്ചുവരുന്നു.

ആരോഗ്യം, നാട്ടുചികിൽസ, ഹോമിയോ, ജയിൽ; ഇ.എസ്.ഐ. സാമൂഹ്യക്ഷേമം, മൃഗശാല തുടങ്ങിയ വിവിധ വകുപ്പുകൾക്ക് ദർഘാസ് കരാറുകളുടെ തീർപ്പ് തീരുമാനങ്ങൾക്കായി ഭക്ഷ്യസാധനങ്ങളുടെയും മററ് അവശ്യസാധനങ്ങളുടെയും, കമ്പോളവില, സംസ്ഥാനത്തെ എല്ലാ താലൂക്കുകളിൽ നിന്നും ശേഖരിച്ച് റിപ്പോർട്ടു വർഷവും നൽകി. ഭക്ഷ്യസാധനങ്ങളുടെ വിലശേഖരണം റിപ്പോർട്ടുവർഷത്തിൽ ജനുവരി, ഏപ്രിൽ, ജൂലൈ, ഒക്ടോബർ എന്നീ നാലു ത്രൈമാസത്തിൻെറയും ആദ്യ വെള്ളിയാഴ്ച നടത്തപ്പെട്ടു. കൂടാതെ ഓരോ വകുപ്പിനും ആവശ്യമായ നിർദ്ദിഷ്ട സാധനങ്ങളുടെ കമ്പോളവില ജനുവരി മാസം ശേഖരിച്ച് നൽകി വരുന്നു. പ്രസ്തുത വിലകൾ ജില്ലാമെഡിക്കലാഫീസുകൾ, ആരോഗ്യ വകുപ്പ് ഡയറക്ടറേററ്, മെഡിക്കൽ കോളേജുകൾ, ക്ഷയരോഗാശുപത്രികൾ, കുഷ്ഠരോഗാശുപത്രികൾ, ഇ.എസ്.ഐ. ജയിൽ ഇൻസ്പെക്ടർ ജനറൽ മുതലായവർക്ക് അയച്ചുകൊടുത്തു. കൂടാതെ ബന്ധപ്പെട്ട വിവരങ്ങൾ എല്ലാ സ്ഥാപനങ്ങൾക്കും, വകുപ്പുകൾക്കും അവയുടെ അപേക്ഷാനുസരണം അയച്ചുകൊടുത്തുവരുന്നു.

<u>വന വിഭവങ്ങളുടെ വിലശേഖരിക്കൽ.</u>—18 ഇന വന വിഭവങ്ങളുടെ വില കൊല്ലം, കോട്ടയം, എറണാകുളം, കോഴിക്കോട് എന്നീ കേന്ദ്രങ്ങളിൽനിന്നും മാസംതോറും ശേഖരിച്ച് ഫോറസ്ററ് ഡിപ്പാർട്ടുമെൻറിലേക്ക് നൽകിവരുന്നു.

<u>മാർക്കററ് ഇൻറലിജൻസ് പദ്ധതി.</u>—കമ്പോളനിലവാരം, കമ്പോള വരവ് തുടങ്ങിയവയെ പററിയുള്ള വിവരങ്ങൾ പ്രാഥമികോല്പാദകർക്ക് കൃത്യസമയത്ത് നൽകുകയെന്നതാണ് ഈ പദ്ധതിയുടെ പ്രധാന ഉദ്ദേശ്യം. സംസ്ഥാനത്തെ പ്രധാനപ്പെട്ട 38 വ്യാപാരകേന്ദ്രങ്ങളിൽ ഈ പദ്ധതി നിലവിലുണ്ട്.

ഈ പദ്ധതിയനുസരിച്ച് വില റിപ്പോർട്ടു ചെയ്യുന്ന കേന്ദ്രങ്ങളുടെ പ്രവർത്തനം അതതു ജില്ല ഡെപ്യൂട്ടി ഡയറക്ടർമാർ, കോഴിക്കോട്ടും, തിരുവനന്തപുരത്തുമുള്ള രണ്ടു റീജിയണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർമാരും മേൽനോട്ടം വഹിക്കുന്നു.

ഇടുക്കി, പത്തനംതിട്ട, വയനാട്, കാസർകോട് ഒഴിച്ചുള്ള എല്ലാ ജില്ലാ ആസ്ഥാനങ്ങളിലെയും വിലശേഖരണ പ്രവർത്തനം അതിനുവേണ്ടി മാത്രം നിയമിച്ചിട്ടുള്ള പ്രൈസ് ഇൻസ്പെക്ടർമാർ നിർവ്വഹിച്ചു വരുന്നു. കൂടാതെ ചങ്ങനാശ്ശേരി, കൊച്ചി എന്നീ കേന്ദ്രങ്ങളിൽ പ്രൈസ് ഇൻസ്പെക്ടർമാരാണ് ഈ ജോലി നിർവ്വഹിക്കുന്നത്. എന്നാൽ കടയ്ക്കൽ, ഇരിങ്ങാലക്കുട, കൊടുങ്ങല്ലൂർ, കുന്നംകുളം, വളപട്ടണം എന്നീ കേന്ദ്രങ്ങളിൽ 5 മുഴുവൻ സമയ പ്രൈസ് റിപ്പോർട്ടർമാരും, ബാക്കി കേന്ദ്രങ്ങളിൽ താല്ക്കാലികമായി താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിലുള്ള ഇൻവെസ്റ്റിഗേറ്റർമാരും ഈ ജോലി ചെയ്തു വരുന്നു.

തിരുവനന്തപുരം മേഖലയിൽ 27–ഉം കോഴിക്കോട് മേഖലയിൽ 11–ഉം കേന്ദ്രങ്ങളിലെ കമ്പോളവിലനിലവാര ബുള്ളറ്റിൻ തയ്യാറാക്കി ദിവസേന ആകാശവാണിയുടെ തിരുവനന്തപുരം, കോഴിക്കോട് നിലയങ്ങളിൽക്കൂടി പ്രക്ഷേപണം ചെയ്തുവരുന്നു.

<u>പ്രതിവാര കമ്പോള നിലവാരാവലോകനം.</u>— തിരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിലെ പ്രധാനപ്പെട്ട കാർഷിക വിഭവങ്ങളുടെ കമ്പോളനിലവാരാവലോകനം എല്ലാ ഞായറാഴ്ചയും വൈകുന്നേരം മലയാളത്തിൽ ആകാശവാണിയിലൂടെ പ്രക്ഷേപണം ചെയ്തുവരുന്നു.

<u>അരിയുടെ തുറന്ന കമ്പോളവിലയെക്കുറിച്ചുള്ള പ്രതിദിന റിപ്പോർട്ട്.</u>— എല്ലാ ജില്ലാ തലസ്ഥാനങ്ങളിലും നിലവിലുള്ള അരിയുടെ തുറന്ന കമ്പോള വിലയെ കുറിക്കുന്ന പ്രതിദിന റിപ്പോർട്ട് തയ്യാറാക്കി കേന്ദ്രസർക്കാരിനും സംസ്ഥാന റവന്യൂബോർഡിലെ സിവിൽ സപ്ലൈസ് അധികൃതർക്കും അയച്ചുവരുന്നു. കൂടാതെ പാലക്കാട് കേന്ദ്രത്തിലെ അരിയുടെ തുറന്ന കമ്പോള വിലയെക്കുറിച്ച് പ്രതിവാര റിപ്പോർട്ട് തയ്യാറാക്കി റിസർവ് ബാങ്കിനു നൽകിവരുന്നു. ഇവയ്ക്കെല്ലാം ഉപരിയായി ഈ പദ്ധതിയനുസരിച്ച് മൊത്തവിലയെ സംബന്ധിക്കുന്ന പല വിവരങ്ങളും കേന്ദ്ര സംസ്ഥാന സ്ഥാപനങ്ങൾക്ക് ലഭ്യമാക്കിവരുന്നു.

<u>ഇൻഡക്സ് സീരിസ് വിഭാഗം (കാർഷിക ധനസംബന്ധം).</u>—ഈ വിഭാഗം താഴെ പറയുന്ന സൂചികകൾ തയ്യാറാക്കിവരുന്നു:

1. <u>കാർഷികോൽപ്പന്നങ്ങളുടെ മൊത്തവില.</u>—പ്രധാനപ്പെട്ട 17 കാർഷികോല്പന്നങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള കേന്ദ്രങ്ങളിൽനിന്നും ശേഖരിക്കുന്ന മൊത്തവില അടിസ്ഥാനമാക്കി ഈ സൂചിക തയ്യാറാക്കിവരുന്നു. 1952–53 അടിസ്ഥാന വർഷമാക്കിയാണ് മാസംതോറും ഈ മൊത്തവില സൂചിക തയ്യാറാക്കുന്നത്.

2. <u>കാർഷിക വിഭവങ്ങളിൽനിന്നുള്ള വരുമാനവും അവയ്ക്കു വേണ്ടി വരുന്ന ചെലവുകളും തമ്മിലുള്ള താരതമ്യപഠന സൂചിക.</u>— 1952–53 അടിസ്ഥാനവർഷമായി കർഷകരുടെ സാമ്പത്തികനില, കാർഷികോത്പന്നങ്ങളുടെ വില, അവയ്ക്കുവേണ്ടി വരുന്ന ചെലവുകൾ, ഗാർഹിക

ചെലവുകാം എന്നിവ കണക്കാക്കി അവയും കർഷകരുടെ ഇപ്പോഴത്തെ സാമ്പത്തിക നിലയും തമ്മിലുള്ള താരതമ്യം ഈ പ്രതിമാസ സൂചിക കാണിക്കുന്നു.

3. കാർഷിക വേതന സൂചിക.—സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള വിവിധ കേന്ദ്രങ്ങളിൽനിന്നും ശേഖരിക്കുന്ന കാർഷിക വേതന നിരക്ക് ഇന്ത്യാഗവൺമെൻറിൻെറ ഇക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്സ് അഡൈ്വസർക്കു അയച്ചുകൊടുക്കുന്നു. കൂടാതെ കേരളാ ഗസററിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു വരുന്നു. കാർഷിക തൊഴിലാളികളുടെ പ്രതിമാസവേതന സൂചിക 1952–53 അടിസ്ഥാന വർഷമാക്കി തയ്യാറാക്കി ഇൻഡ്യാഗവൺമെൻറിന് അയച്ചുകൊടുക്കുന്നു.

ഇവയ്ക്കെല്ലാംപുറമേ താഴെ പറയുന്ന ജോലികാംകൂടി ഈ വിഭാഗം നിർവ്വഹിച്ചുവരുന്നു.

1. തെങ്ങോടുകൂടിയ നാളികേരത്തിൻെറ ദ്വൈവാരികത്തോട്ട വില ശേഖരിച്ച് എറണാകുളത്തുള്ള നാളികേര വികസനബോർഡ് ചെയർമാന് അയച്ചുവരുന്നു.

2. 9 കാർഷികോൽപ്പന്നങ്ങളുടെ വാർഷിക ശരാശരിവില തിട്ടപ്പെടുത്തി ന്യൂ ഡെൽഹിയിലുള്ള ഇക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്കൽ അഡൈ്വസർക്കും അയച്ചുകൊടുക്കുന്നു.

3. കയറിൻെറയും, തൊണ്ടിൻെറയും പ്രതിവാരവില തയ്യാറാക്കി എറണാകുളത്തുള്ള കയർബോർഡ് സെക്രട്ടറിക്ക് അയച്ചുകൊടുക്കുന്നു.

4. കയറിൻെറ പ്രതിമാസ വിലനിലവാരം ഗസററിൽ പ്രസിദ്ധപ്പെടുത്തി വരുന്നു.

5. കാർഷിക വിഭവങ്ങളുടെ വിലവിവരങ്ങാം ആവശ്യപ്രകാരം പൊതുജനങ്ങാംക്ക് നൽകിവരുന്നു.

6. കേന്ദ്രസർക്കാരിൻെറ കേന്ദ്രവ്യവസായ മന്ത്രാലയത്തിലെ എക്കണോമിക്സ് അഡൈ്വസർ പ്രസിദ്ധീകരിക്കുന്നു. 1970–71 അടിസ്ഥാനവർഷമായുള്ള മൊത്തവിലസൂചിക (എല്ലാ സാധനങ്ങളുടെയും) ആവശ്യപ്പെടുന്നതനുസരിച്ച് സർക്കാർ അർദ്ധസർക്കാർ പൊതു സ്വകാര്യ മേഖലാ സ്ഥാപനങ്ങാം, വ്യക്തികാം, കരാറുകാർ എന്നിവർക്ക് നൽകിവരുന്നു.

7. അരി, ഗോതമ്പ്, പഞ്ചസാര, എന്നിവയുടെ പ്രതിവാര തുറന്ന മൊത്തവില ശേഖരിച്ച് എഫ്.സി.ഐ. റീജിയണൽ മാനേജർക്ക് ആഴ്ചതോറും അയച്ചുവരുന്നു.

കാർഷികവിളകളുടെ ചില്ലറവില.—സംസ്ഥാനത്തെ എല്ലാ താലൂക്കുകളിൽനിന്നും പ്രധാനപ്പെട്ട 27 കാർഷിക വിഭവങ്ങളുടെ പ്രതിമാസ ചില്ലറവില ശേഖരിച്ച് കേരളാ ഗസററിൽ 1975 നവംബർ മുതൽ പ്രസിദ്ധപ്പെടുത്തിവരുന്നു.

സംസ്ഥാന വരുമാനം നിർണ്ണയിക്കൽ.—സംസ്ഥാനത്തിൻെറ വിവിധ മേഖലകളിലെ വരുമാനം വിവിധ തലങ്ങളിൽ ശേഖരിച്ച് സംസ്ഥാന വരുമാനം നിർണ്ണയിക്കലാണ് ഈ വിഭാഗത്തിൻെറ പ്രധാന പ്രവർത്തനം.

സംസ്ഥാന തലത്തിലും, ജില്ലാതലത്തിലുമുള്ള. മൊത്തവരുമാന നിർണ്ണയത്തിനു പുറമേ ആളോഹരി വരുമാനവും നിർണ്ണയിച്ചു വരുന്നു. കാലാകാലങ്ങളിൽ കൂടുതലായി ലഭ്യമാകുന്ന ഇനംതിരിച്ചുള്ള കണക്കുകൾ പ്രകാരം എല്ലാ വർഷവും, സംസ്ഥാനത്തിന്റെ മൊത്ത വരുമാനം പുനർ നിർണ്ണയം ചെയ്തുവരുന്നു.

റിപ്പോർട്ടുവർഷത്തിൽ 1985–86–ലെ വാർഷിക വരുമാനത്തിന്റെയും ആളോഹരി വിഹിതത്തിന്റേയും, ശീഘ്രമായ കണക്കും (ക്വിക്ക് എസ്റ്റിമേററ്) ഉൾപ്പെടുത്തി മുൻവർഷം അംഗീകാരത്തിനായി സമർപ്പിച്ചിരുന്ന റിപ്പോർട്ടു പ്രസിദ്ധപ്പെടുത്തി പ്രസ്തുത റിപ്പോർട്ടിൽ 1970–71, 1975–76 1980–81 മുതൽ 1984–85 വർഷങ്ങളിലെ ഇനം തിരിച്ചുള്ള വാർഷികവരുമാനം ഉൾപ്പെടുത്തിയിട്ടുണ്ട്. 1980–81 മുതൽ 1982–83 വരെയുള്ള വരുമാനം പുനർനിർണ്ണയം ചെയ്തിട്ടുണ്ട്. ഈ റിപ്പോർട്ടിന്റെ 1980–81 മുതൽ 1984–85 വരെയുള്ള ജില്ലാ അടിസ്ഥാനത്തിലുള്ള വരുമാനവും, ആളോഹരി വരുമാനവും കണക്കാക്കിയിട്ടുണ്ട്. കൂടാതെ വിവിധ സംസ്ഥാനങ്ങളുടെ മൊത്ത വരുമാനം കാണിക്കുന്ന പട്ടികയും തയ്യാറാക്കി.

1983–84, 1984–85, 1985–86 വർഷങ്ങളിലെ സംസ്ഥാന വരുമാനവും, ആളോഹരി വരുമാനവും നടപ്പു വർഷത്തിലെ വിലകളിലും 1970–71–ലെ അടിസ്ഥാന വിലയുമായി പുനർ നിർണ്ണയിക്കുകയും ചെയ്തു. 1986–ലെ മൊത്തവരുമാനവും, ആളോഹരിവരുമാനവും ശീഘ്രതിട്ടപ്പെടുത്തൽ മുഖേന തയ്യാറാക്കി ലഘുലേഖ പ്രസിദ്ധീകരിച്ചു.

റിപ്പോർട്ടുവർഷത്തിൽ ജില്ലാടിസ്ഥാനത്തിലുള്ള മൊത്തവരുമാനവും, ആളോഹരി വരുമാനവും 1970–71 മുതൽ 1984–85 വരെ നടപ്പു വർഷങ്ങളിലേയും, 1970–71 അടിസ്ഥാന വർഷമായി കണക്കാക്കിയിട്ടുള്ള വിവിധ പട്ടികകൾ ഉൾക്കൊള്ളുന്ന ജില്ലാതല റിപ്പോർട്ടു തയ്യാറാക്കി പ്രസിദ്ധീകരണത്തിന് അയച്ചു.

1986–87 സംസ്ഥാന ബഡ്ജററിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന 1985–86–ലെ വരവു ചെലവു കണക്കും, 1986–87–ലെ പുതുക്കിയ എസ്റ്റിമേററും വിശകലനം നടത്തി തരംതിരിച്ച് സി.എസ്.സ്.ഓ. യുടെ അഭിപ്രായത്തിനായി അയച്ചു കഴിഞ്ഞു.

സംസ്ഥാന സർക്കാരിന്റെ 1983–84 മുതൽ 1986–87 വരെയുള്ള കാർഷിക ബഡ്ജററിൽ ഉൾക്കൊടുത്തിയിരിക്കുന്ന വരവു ചെലവു കണക്ക് തരംതിരിച്ച് തയ്യാറാക്കി റിപ്പോർട്ട് പ്രസിദ്ധീകരിച്ചു.

1983–84 മുതൽ 1986–87 വരെയുള്ള സംസ്ഥാന വാർഷിക വരുമാനവും, ആളോഹരി വരുമാനവും താഴെ ചേർക്കുന്നു:

| വർഷം | തനതു വർഷങ്ങളിൽ | | 1970–71–ലെ വിലകളിൽ | |
|---|---|---|---|---|
| | മൊത്ത വരുമാനം (ലക്ഷം രൂപയിൽ) | ആളോഹരി വരുമാനം (രൂപയിൽ) | മൊത്തം വരുമാനം (ലക്ഷം രൂപയിൽ) | ആളോഹരി വരുമാനം (രൂപയിൽ) |
| 1983–84 | 5,01,850 | 1,883 | 1,62,174 | 608 |
| 1984–85 | 5,71,361 | 2,104 | 1,69,671 | 625 |
| 1985–86 | 5,91,750 | 2,140 | 1,78,471 | 646 |
| 1986–87 | 6,68,097 | 2,371 | 1,80,203 | 639 |

## ജനന മരണ സ്ഥിതി വിവരക്കണക്ക് ശേഖരിക്കൽ

സംസ്ഥാനമൊട്ടാകെയുള്ള ജനന മരണ സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ച് റിപ്പോർട്ട് തയ്യാറാക്കി പ്രസിദ്ധീകരിക്കുന്ന ജോലി ഈ വർഷവും തുടർന്നു. സിവിൽ രജിസ്ട്രേഷൻ, പട്ടണ പ്രദേശത്തെ സ്ഥിര താമസക്കാരുടെ ജനനമരണ നിരക്കിൻമേലുള്ള പഠനം മരണകാരണം വ്യക്തമാക്കുന്നതിനുള്ള മെഡിക്കലാഫീസറുടെ സർട്ടിഫിക്കററിൻമേലുള്ള പഠനം മരണകാരണങ്ങളെ കുറിച്ച് ഗ്രാമപ്രദേശങ്ങളിൽ നടത്തുന്ന സർവ്വേ എന്നിവയാണ് തുടർന്നുവരുന്നത്. വ്യത്യസ്ഥ പ്രദേശങ്ങളിലെ ജനനമരണ നിരക്കുകളും മരണകാരണങ്ങളും കണക്കാക്കുന്നതിനുവേണ്ടിയാണ് ഈ പദ്ധതി നടപ്പാക്കുന്നത്.

## സിവിൽ രജിസ്ട്രേഷൻ

1969–ലെ ജനനമരണ രജിസ്ട്രേഷൻ ആക്ട് അനുസരിച്ച് കോർപ്പറേഷൻ മുനിസിപ്പാലിററി പഞ്ചായത്ത് എന്നീ ഓഫീസുകളിൽ നിയമിച്ചിട്ടുള്ള രജിസ്ട്രാർമാർ ജനനമരണങ്ങൾ രജിസ്ററർ ചെയ്യുന്നു. ഈ ഓഫീസർമാരിൽനിന്നു കിട്ടുന്ന വിവരങ്ങൾ ക്രോഡീകരിച്ച് സംസ്ഥാന റിപ്പോർട്ട് ജില്ലാ അടിസ്ഥാനത്തിൽ തയ്യാറാക്കി മാസംതോറും രജിസ്ട്രാർ ജനറലിന് അയച്ചുകൊടുക്കുന്നു. 1981 മുതൽ 1983 വരെയുള്ള വർഷങ്ങളിൽ രജിസ്ററർ ചെയ്ത ജനന മരണ നിരക്കുകൾ താഴെ കൊടുക്കുന്നു.

| | ജനന നിരക്ക് | മരണ നിരക്ക് | ജനന നിരക്ക് | മരണ നിരക്ക് | ജനന നിരക്ക് | മരണ നിരക്ക് |
|---|---|---|---|---|---|---|
| സംസ്ഥാനം | 21.64 | 4.84 | 21.48 | 4.59 | 20.57 | 4.50 |
| പട്ടണപ്രദേശം | 59.59 | 10.26 | 62.30 | 10.33 | 62.94 | 10.72 |
| ഗ്രാമപ്രദേശം | 15.91 | 4.02 | 15.36 | 3.73 | 14.25 | 3.57 |

## മരണകാരണത്തെ സംബന്ധിച്ച സർവ്വേ

ഗ്രാമപ്രദേശങ്ങളിൽ ഉണ്ടാകുന്ന മരണങ്ങളും അവയുടെ കാരണങ്ങളും ശേഖരിക്കുന്നതിനുവേണ്ടിയാണ് ഈ പദ്ധതി. സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട 40 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലാണ് ഈ സർവ്വേ നടത്തിയിരുന്നത്. എന്നാൽ നടപ്പുവർഷത്തിൽ ജൂലൈ 1987 മുതൽ വിവിധ ജില്ലകളിലായി 10 കേന്ദ്രങ്ങളിൽക്കൂടി ഈ പദ്ധതി വ്യാപിപ്പിച്ചു. ഇപ്പോൾ മൊത്തം 50 കേന്ദ്രങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കി വരുന്നു.

സർവ്വേയ്ക്കുവേണ്ട വിവരങ്ങൾ ആരോഗ്യവകുപ്പിലെ പാരാമെഡിക്കൽ ജീവനക്കാർ ശേഖരിക്കുന്നു. സെൻസസ് ഡയറക്ടറേററിലെ സൂപ്പർ വൈസർമാർ ആരോഗ്യ കേന്ദ്രങ്ങൾ സന്ദർശിച്ച് ജീവനക്കാർക്ക് വിവരങ്ങൾ ശേഖരിക്കുന്നതിന് നിർദ്ദേശം നൽകുന്നു. സർവ്വേ നടക്കുന്ന സ്ഥലങ്ങളിലെ മെഡിക്കലാഫീസർമാർക്കും പാരാമെഡിക്കൽ ജീവനക്കാർക്കും ഈ വകുപ്പിലെയും സെൻസസ് വകുപ്പിലെയും ഉദ്യോഗസ്ഥൻമാർ ചേർന്ന് വാർഷിക ട്രെയിനിംഗ് നൽകി.

## സ്പോട്ട് ചെക്ക് സർവ്വേ

പട്ടണപ്രദേശങ്ങളിലെ സ്ഥിരതാമസക്കാരുടെ ജനനമരണങ്ങൾ കൃത്യമായി അറിയുന്നതിനുവേണ്ടി നടത്തുന്ന പദ്ധതിയാണ്. സംസ്ഥാനത്തെ മൂന്നു കോർപ്പറേഷനുകളിലും 30 മുനിസിപ്പാലിററികളിലും ഗുരുവായൂർ ടൗൺഷിപ്പിലും ഇതിലേക്കായി ഓരോ യു.ഡി. കമ്പയിലർമാരെ നിയമിച്ചിട്ടുണ്ട്. ഇതു കൂടാതെ മെഡിക്കലാഫീസർമാരുടെ സർട്ടിഫിക്കററിൻ മേലുള്ള പഠനത്തിനുവേണ്ടി മൂന്നു കോർപ്പറേഷനുകളിലും കൊല്ലം, ആലപ്പുഴ മുനിസിപ്പാലിററികളിലും ഓരോ ഡെപ്യൂട്ടി ഹെൽത്താഫീസർമാരേയും ഓരോ റിസർച്ച് അസിസ്ററൻറ്മാരേയും ഓരോ യു.ഡി. കമ്പയിലർമാരേയും നിയോഗിച്ചിട്ടുണ്ട്.

മൂന്നു കോർപ്പറേഷനുകളിലും 30 മുനിസിപ്പാലിററികളിലും ഗുരുവായൂർ ടൗൺഷിപ്പിലും തിരഞ്ഞെടുത്ത വാർഡുകളിലെ വീടുകൾ സന്ദർശിച്ച് രജിസ്ററർ ചെയ്തതും അല്ലാത്തതുമായ എല്ലാ ജനനമരണ വിവരങ്ങളും ശേഖരിക്കുന്നു. ഇതിൻെറ അടിസ്ഥാനത്തിൽ എല്ലാ കോർപ്പറേഷനിലേയും മുനിസിപ്പാലിററികളിലെയും ജനനമരണ നിരക്കുകൾ കണക്കാക്കി വരുന്നു. 1985—ലെ റിപ്പോർട്ട് തയ്യാറായിട്ടുണ്ട്.

## മരണകാരണം വ്യക്തമാക്കുന്ന മെഡിക്കൽ ആഫീസറുടെ സർട്ടിഫിക്കററിൻമേലുള്ള പഠനം

മൂന്നു കോർപ്പറേഷനുകളിലും, കൊല്ലം, ആലപ്പുഴ, മുനിസിപ്പാലിററികളിലും ആണ് ഈ പദ്ധതി നടപ്പാക്കിയിരിക്കുന്നത്. നടപ്പു വർഷവും തിരുവനന്തപുരം, ആലപ്പുഴ എന്നിവിടങ്ങളിലെ ഡെപ്യൂട്ടി ഹെൽത്താഫീസർമാരുടെ തസ്തിക ഒഴിഞ്ഞുകിടക്കുകയായിരുന്നു. 1985—ലെ മരണകാരണങ്ങൾ ഇൻറർ നാഷണൽ ക്ലാസിഫിക്കേഷനനുസരിച്ച് കോഡ് തിരിച്ചുള്ള റിപ്പോർട്ട് തയ്യാറാക്കിക്കഴിഞ്ഞു. 1986—ലെ റിപ്പോർട്ട് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

## സാമ്പിൾ രജിസ്ട്രേഷൻ പദ്ധതി (ഗ്രാമ പ്രദേശങ്ങളിൽ)

സിവിൽ രജിസ്ട്രേഷനിൽ ഉണ്ടാകുന്ന അപാകതകൾ നിമിത്തം കൃത്യമായ പ്രതിവർഷ ജനസംഖ്യാ വർദ്ധനവ് കണക്കുകൾ ലഭ്യമാകാതെ വന്ന സാഹചര്യത്തിൽ ഭാരത രജിസ്ട്രാർ ജനറൽ ഒരു പൊതു നിർദ്ദേശമനുവലിൻെറ അടിസ്ഥാനത്തിൽ ഭാരതമൊട്ടാകെ നടപ്പാക്കിവരുന്ന ഒരു പദ്ധതിയാണിത്. കേരളത്തിൽ 150 തിരഞ്ഞെടുത്ത ഗ്രാമങ്ങളിലാണ് പദ്ധതിപ്രകാരമുള്ള കണക്കെടുപ്പ് നടക്കുന്നത്. തിരഞ്ഞെടുക്കപ്പെട്ട 150 ഗ്രാമങ്ങളിലും എന്യൂമറേററർമാർ ജനനവും മരണവും കൃത്യമായി രജിസ്ററർ ചെയ്യുകയും മാസാന്ത്യ ത്രൈമാസികാ റിപ്പോർട്ടുകൾ അയച്ചുതരികയും അവയുടെ സംക്ഷേപം ഭാരത രജിസ്ട്രാർ ജനറലിന് അയച്ചുകൊടുക്കുകയും ചെയ്യുന്നു. 42—ഉം 43—ഉം അർദ്ധ വാർഷിക സർവ്വേയുടെ ഫലങ്ങൾ പരിശോധിച്ച് ഭാരതരജിസ്ട്രാർ ജനറലിന് അയച്ചുകൊടുത്തു. 1985—ലെ വാർഷിക റിപ്പോർട്ട് തയ്യാറായിക്കഴിഞ്ഞു. സംസ്ഥാനത്തൊട്ടാകെ 30 സാമ്പിളുകളിൽ 1986—ലെ ജനനമരണങ്ങൾ കൃത്യമായി രജിസ്ററർ ചെയ്യുന്നതിന് ഒരു ഊർജ്ജിതാന്വേഷണ പരിപാടി ഉയർന്ന ഉദ്യോഗസ്ഥൻമാരെക്കൊണ്ട് നടത്തിക്കയും അതിലൂടെ 38 ജനനവും 4 മരണവും പുതുതായി കണ്ടുപിടിക്കുകയും ചെയ്തു.

1985–ലെ റിപ്പോർട്ടിലെ ചില പ്രധാന നിരക്കുകൾ താഴെ കൊടുക്കുന്നു:

| | |
|---|---|
| ജനന നിരക്ക് | 23.2 |
| മരണ നിരക്ക് | 6.6 |
| ശിശുമരണ നിരക്ക് | 33.0 |

## വ്യവസായ സ്ഥിതിവിവരക്കണക്ക് ശേഖരിക്കൽ

സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനത്തിന്റെ അടിസ്ഥാനഘടകമായ വ്യവസായ മേഖലയുടെ ക്രമാനുഗതമായ വികാസത്തേയും അതിന്റെ തോത്, മാതൃക, വേഗത എന്നിവ തിട്ടപ്പെടുത്തുന്നതിനാവശ്യമായ വിവരങ്ങൾ ശേഖരിക്കുകയും ചെയ്യുന്നു. സംഘടിത വ്യവസായ മേഖലയിലെ മുടക്കുമുതൽ, വായ്പകൾ, പണിയെടുക്കുന്ന മൊത്തം തൊഴിലാളികൾ, ജീവനക്കാർ, അവരുടെ വേതനം അസംസ്കൃത സാധനങ്ങളുടെ ഉപഭോഗം, മൊത്തം വ്യാവസായിക ഉല്പാദനമൂല്യം, അററമൂല്യം എന്നീ വിശദാംശങ്ങളെക്കുറിച്ചുള്ള പഠനമാണ് ഈ വിഭാഗം നടത്തുന്നത്. മേല്പറഞ്ഞ പഠനാവശ്യത്തിനുള്ള വിവരങ്ങൾ നാഷണൽ സാമ്പിൾ സർവ്വേ ഓർഗനൈസേഷൻ വർഷം തോറും നടത്തുന്ന വാർഷിക വ്യവസായ സർവ്വേയുടെ ഷെഡ്യൂളുകളിൽ നിന്നാണ് ശേഖരിക്കുന്നത്.

1987–88 റിപ്പോർട്ടു വർഷത്തിൽ 1982–83–ലെ റിപ്പോർട്ട് തയ്യാറാക്കി. 1983–84–ലെ റിപ്പോർട്ട് തയ്യാറായി വരുന്നു. 1984–85–ലെ റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള ടാബുലേഷൻ ജോലികൾ പൂർത്തിയായി സംസ്ഥാന വരുമാന നിർണ്ണയ വിഭാഗത്തിനും മററും ആവശ്യമുള്ള വിവരങ്ങൾ ഈ വിഭാഗത്തിൽ നിന്നും നൽകുന്നു.

## വ്യവസായ ഉല്പന്ന സൂചിക തയ്യാറാക്കൽ

വ്യവസായരംഗത്തെ വളർച്ച കണക്കാക്കാൻ വ്യവസായികോല്പാദന സൂചിക സഹായിക്കുന്നു. കേരള സർക്കാർ 24–7–1975–ൽ നൽകിയ സൂചന 280/75 പ്ലാനിംഗ് പ്രകാരമാണ് ഈ സൂചിക തയ്യാറാക്കൽ തുടങ്ങിയത്. വ്യാവസായികോല്പാദന സൂചികയിൽ ത്രൈമാസിക വാർഷിക ഉല്പാദന സൂചിക റിപ്പോർട്ടുകൾ തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നു. സെൻട്രൽ സ്ററാററിസ്ററിക്കൽ ഓർഗനൈസേഷൻ ആണ് ഈ സൂചിക തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം നൽകുന്നത്. പൊതു സൂചിക 1970–ൽ (അടിസ്ഥാനവർഷം) 100 എന്ന അടിസ്ഥാനത്തിലാണ് 1975 മുതൽ സൂചിക തയ്യാറാക്കുന്നത്. പൊതുസൂചിക (അടിസ്ഥാനവർഷം) 1980–ൽ 100 എന്ന അടിസ്ഥാനത്തിലുള്ള മാർഗ്ഗനിർദ്ദേശം നൽകാൻ സെൻട്രൽ സ്ററാററിസ്ററിക്കൽ ഓർഗനൈസേഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. 1985–86–ലെ വാർഷിക റിപ്പോർട്ട് തയ്യാറാക്കി പ്രസിദ്ധീകരിക്കുകയും 30–6–1986, 30–9–1986, 31–12–1986 എന്നീ കാലയളവിലെ ത്രൈമാസികാ റിപ്പോർട്ടുകൾ ക്രോഡീകരിച്ച് തയ്യാറാക്കുകയും ചെയ്തു.

## കയററുമതി ഇറക്കുമതി കണക്ക് ശേഖരിക്കൽ

കൊച്ചി തുറമുഖം വഴി വിദേശരാജ്യങ്ങളുമായി നടത്തുന്ന കയററുമതി ഇറക്കുമതിയുടെ ദൈനംദിന സ്ഥിതിവിവരക്കണക്കുകൾ കസ്ററംസ്

കളക്ടർ ഓഫീസിൽനിന്നും ശേഖരിച്ച് ക്രോഡീകരിച്ച് വാർഷിക റിപ്പോർട്ടുകളായി പ്രസിദ്ധപ്പെടുത്തുന്നു. 1986–87–ലെ കേരള സംസ്ഥാനത്തിലെ കടൽമാർഗ്ഗ കയററുമതി ഇറക്കുമതിയെക്കുറിച്ചുള്ള റിപ്പോർട്ട് പ്രസിദ്ധീകരണത്തിന് തയ്യാറാക്കി.

## വ്യവസായ ഉല്പന്ന മൊത്തവിലനിലവാര സൂചിക

വ്യവസായ ഉല്പന്നങ്ങളുടെ മൊത്ത വിലയിൽ ഉണ്ടായിട്ടുള്ള മാററം കണക്കാക്കാൻ വില നിലവാര സൂചിക സഹായിക്കുന്നു. സൂചനവർഷം പ്രതിമാസവില ശേഖരിച്ച് വാർഷിക ശരാശരി തയ്യാറാക്കി മൊത്തവില നിലവാര സൂചിക ആയി പ്രസിദ്ധപ്പെടുത്തി. സംഘടിത അസംഘടിത മേഖലകളിലെ വിലകൾ പ്രത്യേകം പ്രത്യേകം തയ്യാറാക്കി പ്രസിദ്ധപ്പെടുത്തിവരുന്നു. സൂചനാവർഷം 1986–87 മാസാമാസ വ്യവസായ ഉല്പന്നങ്ങളുടെ മൊത്തവില സൂചികകൾ ക്രോഡീകരിച്ച് തയ്യാറാക്കി.

## മാനവശക്തിവിഭവ പഠനങ്ങൾ

സംസ്ഥാന ഗവൺമെൻറിന് ആസൂത്രണത്തിനാവശ്യമായ സാങ്കേതിക പരിജ്ഞാനം സിദ്ധിച്ചിട്ടുള്ളവരേയും മററുള്ള ഉദ്യോഗസ്ഥരേയും സംബന്ധിച്ച് വിവിധ സ്ഥിതിവിവരക്കണക്കുകൾ യഥാസമയം ലഭ്യമാക്കുകയും ബന്ധപ്പെട്ട മേഖലകളിൽ ആവശ്യമായ പഠനം നടത്തി റിപ്പോർട്ടുകൾ തയ്യാറാക്കി പ്രസിദ്ധീകരിക്കയുമാണ് ഈ വിഭാഗത്തിൻെറ മുഖ്യമായ ജോലി.

റിപ്പോർട്ടു വർഷത്തിൽ ഈ വിഭാഗത്തിൻെറ പ്രധാന പ്രവർത്തനങ്ങൾ താഴെ ചേർക്കുന്നു:

പൂർത്തിയാക്കിയ പഠനങ്ങൾ.—1. കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക്കുകളിലും പഠനം പൂർത്തിയാക്കാതെ നിർത്തിയ പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികളെ സംബന്ധിച്ചുള്ള പഠനം.

2. കൃഷി, ക്ഷീരവ്യവസായം, എഞ്ചിനീയറിംഗ്, മൃഗസംരക്ഷണം എന്നീ മേഖലകളിൽ സ്വയം തൊഴിൽ സംരംഭകരെപ്പററിയുള്ള പഠനം.

3. കേരളത്തിലെ യുവജനങ്ങൾ എന്ന പ്രസിദ്ധീകരണം.

നടന്നുവരുന്ന പഠനങ്ങൾ.—1. വ്യവസായ സംരംഭകരുടെ വികസനത്തിനും പരിശീലനത്തിനും വേണ്ടി നടപ്പാക്കിയ പദ്ധതിയുടെ പ്രയോജനത്തെപ്പററിയുള്ള പഠനം.

2. ആയിരത്തിത്തൊള്ളായിരത്തി എൺപതിൽ എസ്.എസ്.എൽ.സി. പാസ്സായ വിദ്യാർത്ഥികളുടെ ഇന്നത്തെ പ്രവർത്തന സ്ഥിതിയെപ്പററിയുള്ള പഠനം.

3. തൊഴിലധിഷ്ഠിത ഉപരിപരിശീലന സമ്പ്രദായത്തെപ്പററിയുള്ള പഠനം.

4. ഉൾനാടൻ കായലുകളിൽ മൽസ്യബന്ധനത്തിന് ആവശ്യമായ സാങ്കേതിക പരിശീലനം ലഭിച്ചവരുടെ ലഭ്യതയേയും, ആവശ്യകതയേയും പററിയുള്ള പഠനം.

5. ആരോഗ്യ വകുപ്പിൽ നടപ്പിലാക്കിയിട്ടുള്ള വിവിധോദ്ദേശ പ്രവർത്തകരെ സംബന്ധിച്ച പഠനം.

6. ഇൻഡ്യ പോപ്പുലേഷൻ പ്രോജക്ട് 3-ൽ ഉളവായിട്ടുള്ള അധിക തൊഴിൽ സാദ്ധ്യതയെപ്പററിയുള്ള പഠനം.

7. ക്ഷീരവികസന വകുപ്പിൽനിന്നും ശാസ്ത്രീയ കാലി വളർത്ത ലിൽ പരിശീലനം ലഭിച്ച തൊഴിൽ രഹിതരായ യുവജനങ്ങളെ സംബന്ധിച്ച പഠനം.

8. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ മേന്മയേറിയ വസ്ത്ര നിർമ്മാണത്തിൽ സാങ്കേതിക പരിശീലനം ലഭിച്ചവരുടെ തൊഴിൽ സാദ്ധ്യ തയെപ്പററിയുള്ള പഠനം.

## ഇവാലുവേഷൻ

കേരളത്തിലെ വിവിധ ജില്ലകളിൽ മണ്ണൊലിപ്പു തടയുന്ന പദ്ധതി യനുസരിച്ച് ധനസഹായം ലഭിച്ചവരുടെ ധനവിനിയോഗം, ഉല്പാദന നിരക്കിലുണ്ടായിട്ടുള്ള മാററം, അധികമായി കൃഷിയ്ക്കു ലഭിച്ചിട്ടുള്ള ഭൂമിയുടെ വിസ്തൃതി മുതലായവയെക്കുറിച്ച് അറിയുന്നതിനുവേണ്ടി ഫാറങ്ങൾ തയ്യാറാക്കി ജില്ലകളിലേക്ക് അയച്ചു. പ്രസ്തുത പഠന ത്തിൻെറ ആദ്യഘട്ടമായി ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ വിശദ മായ സർവ്വേ പാലക്കാട് ജില്ലയിൽ നടന്നുകൊണ്ടിരിക്കുന്നു. തിരുവനന്ത പുരം ജില്ലയിലെ സർവ്വേ പൂർത്തിയായി.

1980—ൽ നടത്തിയ സാങ്കേതിക സർവ്വേയുടെ റിപ്പോർട്ടും നടപ്പു വർഷത്തിൽ തയ്യാറാക്കി പ്രസിദ്ധീകരണത്തിന് അയച്ചു.

## നാഷണൽ സാമ്പിൾ സർവ്വേ

ഇന്ത്യാ ഗവൺമെൻറിൻെറ നാഷണൽ സാമ്പിൾ സർവ്വേ ഓർഗനൈസേ ഷൻ ആസൂത്രണത്തിനും ഭരണപരമായ ആവശ്യങ്ങൾക്കുമായി രാജ്യ ത്തിൻെറ സാമ്പത്തിക ഘടനയുടെ വിവിധ വശങ്ങളെ സംബന്ധിക്കുന്ന സാമൂഹ്യ സാമ്പത്തിക വിവരങ്ങൾ ശേഖരിക്കുന്നതിനു നടത്തിവരുന്ന സാമ്പിൾ സർവ്വേ ഈ വർഷത്തിലും തുടർന്നു നടത്തുകയുണ്ടായി. കേര ളത്തിലെ തിരഞ്ഞെടുക്കപ്പെട്ട സാമ്പിളുകളിൽ നാഷണൽ സാമ്പിൾ സർവ്വേ ഓർഗനൈസേഷനും ഈ ഡിപ്പാർട്ടുമെൻറും ചേർന്ന് സർവ്വേ നടത്തി വരുന്നു.

1986 ജൂലൈമാസത്തിൽ ആരംഭിച്ച 42—ാം റൗണ്ട് സാമ്പിൾ സർവ്വേ 1987 ജൂൺമാസത്തിൽ അവസാനിച്ചു. പ്രസ്തുത സർവ്വേയിൽ വിമുക്ത ഭടൻമാരെ സംബന്ധിക്കുന്ന വിവരങ്ങൾ ശേഖരിച്ച ഫാറങ്ങൾ ജില്ലകളിൽ നിന്നും വരുത്തി പരിശോധിച്ച് ആർമി ഹെഡ്ക്വാർട്ടേഴ്സിൽ അയച്ചു കൊടുത്തു.

1983—ൽ നടത്തിയ 38—ാം റൗണ്ട് സർവ്വേയിൽ എംപ്ലോയ്മെൻറ്, അൺ എംപ്ലോയ്മെൻറ് പട്ടികകൾ തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. ഇനം തിരിച്ച് നിത്യോപയോഗസാധനങ്ങളുടെ ആളോഹരി ഉപയോഗത്തെക്കുറി ച്ചുള്ള വിവരങ്ങൾ 38—ാം റൗണ്ടിൽ ശേഖരിച്ച ഫാറങ്ങളിൽനിന്നും തയ്യാറാക്കി പ്രൈസസ് വിഭാഗത്തിന് ഇൻഡക്സ് തയ്യാറാക്കുന്നതിന് നൽകി.

36–ാം റൗണ്ടിൽ ശേഖരിച്ച് അന്ധ–ബധിര–മൂക വൈകല്യങ്ങൾ ഉള്ള വരെക്കുറിച്ച് റിപ്പോർട്ട് തയ്യാറാക്കി പ്രസിദ്ധീകരിച്ചു.

43–ാം റൗണ്ടിൽ സർവ്വേ 1987 ജൂലൈ മാസത്തിൽ ആരംഭിച്ചു. സർവ്വേയുടെ ഫാറങ്ങളും വേണ്ട നിർദ്ദേശങ്ങളും യഥാസമയം നൽകി. ഈ റൗണ്ടിൽ പ്രധാനമായും താഴെ പറയുന്ന വിവരങ്ങൾ ശേഖരിക്കുന്നു.

1. ഗാർഹിക ചെലവ്
2. തൊഴിലും തൊഴിലില്ലായ്മയും
3. വിവിധ യാത്രകളെക്കുറിച്ച്

43–ാം റൗണ്ട് സർവ്വേയുടെ ഒന്നും രണ്ടും സബ് റൗണ്ടുകളുടെ ഫീൽഡ് വർക്ക് അവസാനിച്ചു.

## ഡിസൈൻ സർവ്വേ ആൻറ് സ്ററഡീസ് വിഭാഗം

1987–88 വർഷത്തിൽ ഈ ഡിവിഷൻ താഴെ പറയുന്ന ജോലികൾ ചെയ്തു വരുന്നു.

1. തിരുവനന്തപുരം, എറണാകുളം, പാലക്കാട് എന്നീ ജില്ലകളിൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്ററർ ചെയ്തിട്ടുള്ളവരുടെ ആക്ടിവിററി സ്റററററസിനെക്കുറിച്ച് ഒരു പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കി.

2. കേരളത്തിലെ ദുർബല ചെറുകിട വ്യവസായ സ്ഥാപനങ്ങളെക്കുറിച്ച് ഒരു സർവ്വേ നടത്തിക്കൊണ്ടിരിക്കുന്നു.

3. കേരളത്തിലെ വിവിധ സർക്കാർ ഐ.ററി.ഐ./ഐ.ററി.സി.കളിലെ ഓരോ ട്രേഡിൻേറയും ജോലി സാദ്ധ്യതകളെക്കുറിച്ച് പഠനം നടത്തുന്നതിനുള്ള പദ്ധതി തയ്യാറാക്കി അംഗീകാരത്തിനായി ഗവൺമെൻറിലേക്ക് അയച്ചുകൊടുത്തു.

4. കേരളത്തിലെ ജനങ്ങളുടെ സാമൂഹ്യ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് പഠിക്കുന്നതിനുള്ള സ്കീം തയ്യാറാക്കി ഗവൺമെൻറിന് സമർപ്പിച്ചു.

5. കേരളത്തിലെ കയർ തൊഴിലാളികളെ തിരിച്ചറിയുന്നതിനു വേണ്ടി സർവ്വേ നടത്തുന്നതിനുള്ള സ്കീം തയ്യാറാക്കി ഗവൺമെൻറിലേക്ക് അയച്ചുകൊടുത്തു.

## ഔദ്യോഗിക ഭാഷാ വിഭാഗം

ഭരണതലത്തിൽ ഔദ്യോഗിക ഭാഷ മലയാളമാക്കുക എന്ന സർക്കാർനയം ഈ വകുപ്പിലും നടപ്പിലാക്കുക എന്നതാണ ഈ വിഭാഗത്തിൻെറ പ്രധാന ചുമതല. ഒരു സാങ്കേതിക വകുപ്പ് എന്ന നിലയിൽ പൂർണ്ണമായും മലയാളമാക്കുക സാദ്ധ്യമല്ല എന്നു വരികിലും ജില്ലാതലങ്ങളിൽ മലയാളമാക്കാൻ ഒരു പരിധി വരെ കഴിഞ്ഞു. 1987 വർഷത്തിലെ ജില്ലാതല പുരോഗതി അവലോകനം ചെയ്തതിൽ ഇടുക്കി, മലപ്പുറം ജില്ലകളിൽ ഗണ്യമായ പുരോഗതി കൈവരിച്ചതായി കണ്ടു.

ഔദ്യോഗിക ഭാഷ മലയാളമാക്കുന്നതു സംബന്ധിച്ച് സർക്കാരിൽ നിന്നും കാലാകാലങ്ങളിൽ നൽകുന്ന നിർദ്ദേശങ്ങളും ഉത്തരവുകളും ഈ വകുപ്പിന്റെ വിവിധ തലങ്ങളിൽ യഥാസമയം എത്തിച്ചുകൊടുക്കുക, താലൂക്ക് ജില്ലാ ഡയറക്ടറേറ്റ് തലങ്ങളിൽ മലയാളമാക്കുന്നതു സംബന്ധിച്ച് പുരോഗതിയുടെ റിപ്പോർട്ട് തയ്യാറാക്കി സർക്കാരിലേക്ക് അയയ്ക്കുക തുടങ്ങിയവയാണ് ഈ വിഭാഗത്തിന്റെ ചുമതലയിൽ നടക്കുന്നത്. ആവശ്യമായ തോതിൽ മലയാളം ടൈപ്പ്റൈറ്റർ ലഭിക്കുന്നതോടുകൂടി ഈ രംഗത്ത് കാര്യമായ പുരോഗതി കൈവരിക്കാൻ കഴിയുന്നതാണ്.

## ഏകോപന വിഭാഗം

വിവിധ വകുപ്പുകളിൽ പ്രവർത്തിച്ചു പോരുന്ന സ്റ്റാറ്റിസ്റ്റിക്കൽ വിഭാഗങ്ങളുടെ പ്രവർത്തനം വിലയിരുത്തുകയും ഏകോപിപ്പിക്കുകയും ചെയ്യുക, അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനു സഹായകരമായ നിർദ്ദേശങ്ങൾ നൽകുക, കാലാകാലങ്ങളിൽ യോഗങ്ങൾ സംഘടിപ്പിക്കുക തുടങ്ങിയവയാണ് പ്രധാനമായും ഈ വിഭാഗത്തിന്റെ ചുമതലയിൽ നടക്കുന്നത്.

നടപ്പുവർഷത്തിൽ വിവിധ വകുപ്പുകളിലെ സ്റ്റാറ്റിസ്റ്റിക്കൽ മേധാവികളുടെ യോഗം ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ 1987 ഏപ്രിൽ 2, 3, 22 എന്നീ തീയതികളിൽ വികാസ് ഭവനിൽവച്ച് നടത്തുകയുണ്ടായി. പ്രസ്തുത യോഗങ്ങളിൽ സ്റ്റാറ്റിസ്റ്റിക്കൽ വിഭാഗം മേധാവികൾ അതതു വകുപ്പുകളിലെ റിപ്പോർട്ടു വർഷത്തെ പ്രവർത്തനങ്ങൾ വിശദീകരിക്കുകയും ഭാവി പ്രവർത്തനങ്ങൾക്കുവേണ്ട കൂടുതൽ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

## മെക്കാനിക്കൽ ടാബുലേഷൻ

1987–88 കാലയളവിൽ ഒരു ഷിഫ്റ്റ് മാത്രം പ്രവർത്തിച്ചു.

റിപ്പോർട്ട് വർഷം ഈ യൂണിറ്റ് പഞ്ചായത്തു തലത്തിലുള്ള ജനനമരണ സ്ഥിതി വിവര പട്ടികകൾ തയ്യാറാക്കുന്ന ജോലിയാണ് ചെയ്തത്. 1983–ലെ പഞ്ചായത്തുതലത്തിലുള്ള പട്ടികകൾ തയ്യാറാക്കി. 1984–ലെ പഞ്ചായത്തുതലത്തിലുള്ള പട്ടികകളുടെ ജോലി ആരംഭിക്കുകയും 8 ജില്ലകളിലെ ജോലി പൂർത്തിയാക്കുകയും ചെയ്തു.

## പ്ലാനിംഗ് വിഭാഗം

സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുന്നതിനായി ഈ വകുപ്പ് ഏറ്റെടുത്തു നടത്താനുദ്ദേശിക്കുന്ന പ്ലാൻ പദ്ധതികൾ തയ്യാറാക്കി ഗവൺമെന്റിന് സമർപ്പിക്കുകയും പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതി അവലോകനം ചെയ്തത് പ്രതിമാസ ത്രൈമാസിക അർദ്ധവാർഷിക റിപ്പോർട്ടുകൾ തയ്യാറാക്കി സംസ്ഥാന ഗവൺമെന്റിനും കേന്ദ്ര ഗവൺമെന്റിനും അയക്കുകയും ചെയ്യുക എന്നതാണ് ഈ വിഭാഗത്തിന്റെ പ്രധാന ജോലി.

ഡിപ്പാർട്ടുമെന്റിന്റെ 1986–87 വാർഷിക പദ്ധതിപ്രകാരമുള്ള സ്കീമുകൾ താഴെ പറയുന്നവയാണ്. ഓരോ സ്കീമിനും 1987–88–ലെ ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുള്ള തുക (ലക്ഷം) ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്നു:

1. സ്ഥിതിവിവരക്കണക്കു ശേഖരണം മെച്ചപ്പെടുത്തൽ (25.20) ഇതിൽ താഴെ പറയുന്ന സ്കീമുകൾ ഉൾപ്പെടുന്നു:

(എ) മെക്കാനിക്കൽ ടാബുലേഷൻ യൂണിററ്

(ബി) സർവ്വേ ഡിസൈൻ വിഭാഗം

(സി) സംസ്ഥാന വരുമാന നിർണ്ണയ വിഭാഗത്തിൻെറ വിപുലീകരണം

(ഡി) വില നിലവാര വിഭാഗത്തിൻെറ വിപുലീകരണം

(ഇ) ജില്ലാ സ്ഥിതി വിവരക്കണക്ക് ഓഫീസുകളുടെ പുന രേകീകരണം

(എഫ്) വകുപ്പിലെ ജീവനക്കാർക്ക് തൊഴിൽ പരിശീലനം നൽകുക

2. സർവ്വേകളും പഠനങ്ങളും (7.80) ഇതിൽ താഴെ പറയുന്നവ ഉൾപ്പെടുന്നു.

(എ) സംസ്ഥാനത്തെ പ്രധാന കാർഷിക വിളകളുടെ കൃഷി ചെലവുകളെപ്പററിയുള്ള സർവ്വേ.

(ബി) ഗൾഫ് പണത്തിൻെറ വിനിയോഗത്തെക്കുറിച്ചുള്ള പഠനം.

(സി) തൊഴിലില്ലായ്മയെക്കുറിച്ചുള്ള പഠനം.

3. സംസ്ഥാനത്തെ കാർഷിക സ്ഥിതിവിവരക്കണക്കുകൾ വർഷംതോറും ശേഖരിച്ച് റിപ്പോർട്ടു ചെയ്യുന്നതിനുള്ള പദ്ധതി (50% കേന്ദ്ര സഹായം 134.0)

4. കാർഷിക സെൻസസ് (100% കേന്ദ്ര സഹായം 24.00)

5. നിലവിലുള്ള കൃഷി സമ്പ്രദായങ്ങളിൽ പുതിയ സാങ്കേതിക വിദ്യ പ്രയോഗിക്കുന്നതിനുള്ള തടസ്സങ്ങളെപ്പററിയുള്ള പഠനം (50% കേന്ദ്രസഹായം 0.84)

ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥൻമാർക്ക് സാങ്കേതിക പരിശീലനം ലഭിക്കുന്നതിനുവേണ്ടി വിവിധ പരിശീലന കേന്ദ്രത്തിലേക്ക് തിരഞ്ഞെടുക്കുന്ന ജോലിയും ഈ വിഭാഗമാണ് ചെയ്യുന്നത്. നടപ്പുവർഷം 38 ഉദ്യോഗസ്ഥൻമാർക്ക് പരിശീലനം നൽകുകയുണ്ടായി.

നടപ്പുവർഷം ഡെപ്യൂട്ടി ഡയറക്ടർമാരുടെ 3 കോൺഫറൻസുകളും ജില്ലാ ആഫീസർമാരുടെ 2 കോൺഫറൻസുകളും ഉപജില്ലാ ഓഫീസർമാരുടെ 1 കോൺഫറൻസും വിവിധ ജില്ലകളിൽവച്ച് നടത്തുകയുണ്ടായി.

# പ്രസിദ്ധീകരണങ്ങൾ

1. ബ്ലോക്ക് ലവൽ സ്റ്റാറ്റിസ്റ്റിക്സ് .... കൊല്ലം ജില്ല
2. ബ്ലോക്ക് ലവൽ സ്റ്റാറ്റിസ്റ്റിക്സ് .... തൃശൂർ
3. ബ്ലോക്ക് ലവൽ സ്റ്റാറ്റിസ്റ്റിക്സ് .... കോഴിക്കോട്
4. ബ്ലോക്ക് ലവൽ സ്റ്റാറ്റിസ്റ്റിക്സ് .... പത്തനംതിട്ട
5. ബ്ലോക്ക് ലവൽ സ്റ്റാറ്റിസ്റ്റിക്സ് .... ഇടുക്കി
6. ബ്ലോക്ക് ലവൽ സ്റ്റാറ്റിസ്റ്റിക്സ് .... പാലക്കാട്
7. ബ്ലോക്ക് ലവൽ സ്റ്റാറ്റിസ്റ്റിക്സ് .... മലപ്പുറം
8. ബ്ലോക്ക് ലവൽ സ്റ്റാറ്റിസ്റ്റിക്സ് .... ആലപ്പുഴ
9. വൈററൽ സ്റ്റാറ്റിസ്റ്റിക്സ് ബുള്ളററിൻ നമ്പർ 45
10. റിപ്പോർട്ട് ഓഫ് ദി കോസ്ററ് ഓഫ് കൾട്ടിവേഷൻ ഓഫ് ഇമ്പോർട്ടൻറ് ക്രോപ്സ് ഇൻ കേരള 1980–81, 1981–82, 1982–83
11. ഡയറക്ടറി ഓഫ് അഗ്രിക്കൾച്ചർ മാർക്കററ്സ് ഇൻ കേരള 1986
12. റിപ്പോർട്ട് ഓൺ ദി പൈലട്ട് എൻക്വയറി ഓഫ് രജിസ്ററനൻറ്സ് ഇൻ ദി ലൈവ് രജിസ്ററർ ഓഫ് തിരുവനന്തപുരം എംപ്ലോയ്മെൻറ് എക്സ്ചേഞ്ച്
13. കേരളാ എക്കണോമി 1987
14. അഗ്രിക്കൾച്ചർ സ്റ്റാറ്റിസ്റ്റിക്സ് 1985–86
15. റസിഡൻഷ്യൽ വൈററൽ റേററ്സ് ഇൻ കോർപ്പറേഷൻസ് ആൻഡ് മുനിസിപ്പാലിററീസ് 1984
16. യൂത്ത്സ് ഇൻ കേരള
17. റസിഡൻഷ്യൽ വൈററൽ റേററ്സ് ഇൻ കോർപ്പറേഷൻസ് ആൻഡ് മുനിസിപ്പാലിററീസ് 1983
18. എക്കണോമിക് ആൻഡ് പർപ്പസ് ക്ലാസിഫിക്കേഷൻ ഓഫ് കേരള ഗവൺമെൻറ് ബഡ്ജററ് 1980–81 ററു 1984–85.
19. മെഡിക്കൽ സർട്ടിഫിക്കേഷൻ ഓഫ് കോസ് ഓഫ് ഡത്ത് 1984
20. എ റിപ്പോർട്ട് ഓൺ സെൽഫ് എംപ്ലോയ്മെൻറ് വെൻചുവേഴ്സ് ഇൻ കേരള (60)
21. റിപ്പോർട്ട് ഓഫ് ദി വേയിസ്റേറജ് ഓഫ് ഷെഡ്യൂൾഡ് കാസ്ററ് ആൻഡ് ഷെഡ്യൂൾഡ് ട്രൈബ് സ്ററുഡൻറ്സ് ഇൻ എഞ്ചിനീയറിംഗ് കോളേജസ് ആൻഡ് പോളി ടെക്നെക്സ് ഇൻ കേരള.
22. സ്റേററററ് ഇൻകം ആൻഡ് റിലേററഡ് അഗ്രഗേററ് ഓഫ് കേരള 1985–86.

23. ഡിസ്ട്രിക്റ്റ് സ്റ്റാറ്റിസ്റ്റിക്കൽ ഹാൻറ് ബുക്ക് എറണാകുളം

24. വൈറ്റൽ സ്റ്റാറ്റിസ്റ്റിക്സ് ബുള്ളറ്റിൻ നമ്പർ 46-1982

25. സാമ്പിൾ രജിസ്ട്രേഷൻ ഇൻ കേരള നമ്പർ 22

26. ടൈമിലി റിപ്പോർട്ടിംഗ് സർവ്വേ ഓൺ അഗ്രിക്കൾച്ചറൽ സ്റ്റാറ്റിസ്റ്റിക്സ് ഇൻ കേരള 1983—84

27. പഞ്ചായത്ത് ലവൽ സ്റ്റാറ്റിസ്റ്റിക്സ് ഓഫ് കൊല്ലം

28. റിപ്പോർട്ട് ഓഫ് എക്കണോമിക്സ് സെൻസസ്

29. എക്കണോമിക്സ് ആൻറ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൻെറ ഭരണ റിപ്പോർട്ട്

30. ടൈമിലി റിപ്പോർട്ടിംഗ് സർവ്വേ 1982—83

31. സീസൺ ആൻറ് ക്രോപ്പ് റിപ്പോർട്ട് 1981—82, 1982—83.

32. ക്രോപ് കട്ടിംഗ് സർവ്വേ ഓൺ പാഡി 1986—87

33. റിപ്പോർട്ട് ഓഫ് ദി സർവ്വേ ഓൺ ദി യൂട്ടിലൈസേഷൻ ഓഫ് ഗൾഫ് റമിററൻസസ് ഇൻ കേരള

34. ഹോൾസെയിൽ പ്രൈസ് ഇൻഡക്സ് 1970—71, 1986—87.

35. കോസ്ററ് ഓഫ് കൾട്ടിവേഷൻ ഓഫ് ഇമ്പോർട്ടൻറ് ക്രോപ്സ് ഇൻ കേരള 1983—84, 1984—85.

36. കൺസോളിഡേററഡ് റിപ്പോർട്ട്സ് ഓഫ് ക്രോപ്പ് എസ്ററിമേഷൻ സർവ്വേ 1982—83, 1983—84.

37. എസ്.ആർ.എസ്. റിപ്പോർട്ട് 1983

38. സീസൺ ആൻറ് ക്രോപ്പ് റിപ്പോർട്ട് ഓഫ് കേരള 1983—84

## സാമ്പത്തികാവലോകനം

റിപ്പോർട്ടു വർഷത്തിൽ ഏപ്രിൽ മുതൽ മാർച്ച് വരെ വിവിധ പദ്ധതികൾക്കായി 362.91 ലക്ഷം രൂപ ചെലവായി. അതിൻെറ വിശദ വിവരം താഴെ കൊടുക്കുന്നു:

| | രൂപ (ലക്ഷത്തിൽ) |
|---|---|
| നോൺ പ്ലാൻ 1987—88 | |
| 1. എക്കണോമിക്സ് ആൻറ് സ്റ്റാറ്റിസ്റ്റിക്സ് ബ്യൂറോ | 153.66 |

| നോൺ പ്ലാൻ 1987–88 (തുടർച്ച) | | രൂപ (ലക്ഷത്തിൽ) |
|---|---|---|
| 2. | ദേശീയ സാമ്പിൾ സർവ്വേ | 10.25 |
| 3. | സംസ്ഥാന വരുമാന സ്ഥിതിവിവരക്കണക്കു വിഭാഗം | 2.65 |
| 4. | വിലയിരുത്തൽ ഘടകം | 3.84 |
| 5. | വ്യവസായ സ്ഥിതിവിവരക്കണക്കുകൾ | 1.15 |
| 6. | മണ്ണു സംരക്ഷണം വിലയിരുത്തൽ | 1.14 |
| 7. | മുനിസിപ്പാലിററികളിലെ സ്ററാററിസ്ററിക്സ് വിഭാഗം ശക്തിപ്പെടുത്തൽ | 5.44 |
| 8. | ഹൗസിംഗ് സ്ററാററിസ്ററിക്സ് സെൽ | 0.79 |
| | **പ്ലാൻ 1987–88** | |
| 9. | അതാത് കാലത്തെ വാർഷിക സ്ഥിതിവിവരക്കണക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള സർവ്വേ | 144.12 |
| 10. | പുതിയ സാങ്കേതിക വിദ്യ പ്രയോഗിക്കുന്നതിനുള്ള തടസ്സങ്ങളെപ്പററിയുള്ള പഠനം | 1.24 |
| 11. | സർവ്വേകളും പഠനങ്ങളും | 8.65 |
| 12. | സ്ഥിതിവിവരക്കണക്ക് ശേഖരണ സമ്പ്രദായം മെച്ചപ്പെടുത്തൽ | 19.16 |
| 13. | കാർഷിക കാനേഷുമാരി | 10.82 |
| | ആകെ (നോൺ പ്ലാൻ + പ്ലാൻ) | 362.91 |

524